CSI CHRIST CHURCH THIRUVANANTHAPURAM

JANUARY 2025

# TIDINGS

VOL : 17 NO: 1

*New Year Special Edition*

2025

HAPPY NEW YEAR

സമർപ്പണത്തിന്റെ വർഷം

*Year of Dedication*

**MOTTO 2025**

"...അരുളിച്ചെയ്യണമേ; അടിയൻ കേൾക്കുന്നു..." (1 ശമുവേൽ 03:10)

"...Speak, for your servant is listening..." (1 Samuel 03:10)

சொல்லும். அடியேன் கேட்கிறேன் " 1 சாமுவேல் 3:10

16th Death Anniversary

18-01-2020

*In Loving Memory of*



# Leena Ipe

**Valanjattill (ID 1045, I-003)**
**Prasant Nagar, Thiruvananthapuram**

**Remembered by**

Family Members

## Vicar



**Rev. Alex P. Oommen**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9495606615
Telephone: 2316033

## Asst. Vicar



**Rev. Bino Jacob**
Christ Church Parsonage
Fern Hill Bethel
Thycaud P.O,
Trivandrum-695014
Mobile: 9447006033, 8281214214

## Church Wardens

| | |
|---|---|
| Mr. M. J. Kuruvilla | 9447734292 |
| Mr. Korah Abraham | 9447155109 |

## Church Secretary

| | |
|---|---|
| Mr. Saji Sam George | 9447303524 |

## Lay Treasurer

| | |
|---|---|
| Mr. D. Soman John | 9447007700 |

## Internal Auditor

| | |
|---|---|
| Mr. Hezakiel V. S. | 9447071185 |

## Church Committee Members

| | |
|---|---|
| Mrs. Achamma K. A. | 9447152395 |
| Mrs. Anitha Varkey | 8139891822 |
| Mr. Ebby P. Kuruvilla | 8089585362 |
| Mr. Paul Raj K. | 9447022463 |
| Mr. Robin Sam Kurien | 8921318737 |
| Mrs. Sally George | 9446541149 |
| Mr. Subin V. Sam | 8891177691 |
| Mr. Koshy George | 9745036120 |
| Mr. Cherian George | 9400060202 |
| Mr. Reji Easo Cherian | 7994455788 |

## Diocesan Council Members

| | |
|---|---|
| Mr. Beju Joseph | 9495850181 |
| Adv. Koshy P. J. | 9249718765 |
| Mr. Mathew John | 9847066965 |
| Mr. Renju Cherian Philip | 9846065460 |
| Mr. Suku C. Oommen | 9447059920 |
| Dr. Valsamma Jacob | 9447586864 |

## Senior Presbyter

| | |
|---|---|
| Very. Rev. Matthew Matthew | 9447129096 |

## Presbyters helping us in Holy Services

| | |
|---|---|
| Rev. Dr. George Joseph | 9447452473 |
| Rev. Ninan Jacob | 9446324262 |
| Rev. Jacob P. Devasia | 8902445127 |
| Rev. Sandeep Oommen | 9447525795 |
| Rev. A. Viswasaraj (Tamil) | 9495349325 |

## Church Staff

| | |
|---|---|
| Mr. Ajy George Jacob | 9495304997 |
| Mr. Joseph Thomas | 9249012346 |
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |

# TIDINGS

## January 2025

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |


**Editorial Board**

Rev. Alex P. Oommen
Rev. Bino Jacob
Mr. Saji Sam George (Convener)
Mr. M. J. Kuruvilla
Mr. Korah Abraham
Mr. D. Soman John
Mr. Reji Easo Cherian
Mr. Ebby P Kuruvilla
Mr. Renju Philip
Mr. Biju Mathew (Co-ordinator)
Dr. Valsamma Jacob
Mr. Ambatt Shaji Joseph



**CSI CHRIST CHURCH**
(Diocese of Madhya Kerala)

Palayam Trivandrum
Office: 2726033
Email: office@csichristchurch.org
www.csichristchurch.org

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. Chandy Thomas | 9447161738 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. M. K. Philip | 8137023110 |
| | Mr. P.M. Varkey | 9447761125 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 9847534530 |
| Poojappura-Karamana | Mr. K. Paul Raj | 9447022463 |
| | Adv. Koshy P. J. | 9249718765 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mrs. Mariamma Thomas | 9846626846 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Joshua George Koshie | 9632917198 |
| Choir | Mrs. Jolly Job | 9495389134 |
| Women's Fellowship | Mrs. Reena Kurian | 9496290773 |
| Almaya Fellowship | Mr. V.S. Samuel | 9447140503 |
| Golden Age Fellowship | Mr. George Ninan | 8289909503 |
| Young Family Fellowship | Mr. Sudheep Abraham | 9847203954 |
| Ecology Forum | Dr. Thomas Biju Mathew | 8075542177 |
| Medical Forum | Dr. Arun Joseph | 9447102079 |
| Christuseva | Mr. Reji Easo Cherian | 7994455788 |
| Hindi Worship Service | Mr. Amar Pal Singh | 9519178324 |



പ്രിയപ്പെട്ട ക്രൈസ്റ്റ് ചർച്ച് വിശ്വാസ സമൂഹമേ,

ക്രിസ്തുയേശുവിന്റെ നാമത്തിൽ ഏവർക്കും സ്നേഹ വന്ദനം!

തിരുവനന്തപുരം സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് ഇടവകയുടെ മുഖപത്രമായ Tidings വിശേഷാൽ പതിപ്പിലൂടെ നിങ്ങളെ സംബോധന ചെയ്യുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഭൗതീകവും ആത്മീയവുമായ നന്മകൾ കൊണ്ട് അനുഗ്രഹീതമാണ് ക്രൈസ്റ്റ് ചർച്ച് ഇടവക. വിദൂരതയിലാണെങ്കിലും മഹായിടവകയെ സ്നേഹിക്കുകയും മഹായിടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സഭ സജീവമായി പങ്ക് ചേരുകയും ചെയ്യുന്നത് അഭിനന്ദനാർഹമാണ്. സഭയെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2025 'സമർപ്പണത്തിന്റെ വർഷമായി' നാം വേർതിരിക്കുകയാണ്. 'പുതുക്കത്തിൽ' നിന്നും 'സമർപ്പണത്തിലേക്കുള്ള' യാത്ര ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ അനിവാര്യമായി ഉണ്ടാകേണ്ട തുടർപ്രക്രിയയെ സൂചിപ്പിക്കുന്നു.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും നാം അനുഭവിക്കുന്ന എല്ലാ തരത്തിലുമുള്ള പ്രതിസന്ധികളെയും തരണം ചെയ്ത് മാത്രമേ ക്രിസ്തീയ ജീവിതത്തിൽ മുന്നേറ്റം സാധ്യമാവുകയുള്ളൂ. അത്തരം പ്രതിസന്ധികളെയും വെല്ലുവിളികളെയും അഭിമുഖീകരിക്കുന്നതിന് ശക്തമായ സമർപ്പണം ആവശ്യമാണ്. നാമിന്ന് നേരിടുന്ന എല്ലാ തരത്തിലുമുള്ള പ്രലോഭനങ്ങളും അതിജീവിക്കുന്നതിന് യേശു സ്വീകരിച്ച മാർഗം മാതൃകയാണ്. യോർദ്ദാനിൽ സ്നാനം ഏറ്റതിനുശേഷം യേശു മരുഭൂമിയിലേക്ക് ആത്മാവിനാൽ നയിക്കപ്പെട്ടു. പരസ്യശുശ്രൂഷയ്ക്ക് മുന്നൊരുക്കം എന്ന നിലയിൽ യേശു നാൽപതു രാവും നാൽപതു പകലും മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സ്വയം ആർജിച്ചെടുത്ത ഈ ശക്തിയുടെ പിൻബലത്തിലാണ് യേശു, പരീക്ഷകനെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തത്. ശുശ്രൂഷയ്ക്കായുള്ള യേശുവിന്റെ മുന്നൊരുക്കവും ദൈവവിളിയോടുള്ള സമർപ്പണവും ഇവിടെ ശ്രദ്ധേയമാണ്.

കാലഘട്ടം ഉയർത്തുന്ന എല്ലാ തരത്തിലുമുള്ള പ്രലോഭനങ്ങളും വെല്ലുവിളികളും ചെറുക്കുന്നതിന് വിശ്വാസ സമൂഹം ബദൽ ജീവിതചര്യ രൂപപ്പെടുത്തേണ്ടതാണ്. ആഡംബരവും സുഖലോലു

പതയും നമുക്ക് മുന്നിൽ നിൽക്കുമ്പോഴും ലളിതജീവിതവും ദൈവ ഭക്തിയും മുറുകെ പിടിക്കണം. ദൈവം കുറിച്ചിരിക്കുന്ന ലക്ഷ്യ ത്തിൽ നാം എത്തിച്ചേരാതിരിക്കുവാൻ പരീക്ഷകൻ പ്രലോഭന ങ്ങൾ കൊണ്ടു വരുമെന്നതിനാൽ പ്രാർത്ഥനയിലൂടെയും ദൈവ വചനത്തിലൂടെയും അതിജീവനം സാധ്യമാകണം.

ആത്മീയ പാപ്പരത്തം പ്രകടമായപ്പോൾ ദൈവം ശമൂവേലിനെ വിളിച്ചതായി വായിക്കുന്നു. ദൈവം തിരഞ്ഞെടുത്ത് അയയ് ക്കുന്ന ഓരോ വ്യക്തിയെയും കുറിച്ച് ദൈവത്തിനു വ്യക്തമായ ല ക്ഷ്യവും പദ്ധതിയും ഉണ്ട്. എന്നാൽ സ്വന്തം താൽപര്യങ്ങളും ലക്ഷ്യ ങ്ങളും സംരക്ഷിക്കുവാൻ ദൈവീകപദ്ധതി തള്ളുന്ന സമൂഹത്തിൽ സമർപ്പണത്തിനായുള്ള വാഞ്ഛ നമ്മുടെ ഹൃദയങ്ങളിൽ രൂപപ്പെടണം. ദൈവശബ്ദം പ്രതിധ്വനിക്കുന്നത് നമ്മിലൂടെയാണെന്നു വിസ്മരി ക്കരുത്. ആരാധനയുടെ സമാപന ഭാഗത്ത് നാം ചൊല്ലുന്ന പ്രാർ ത്ഥന അർത്ഥവത്താണ്: ഈ ആരാധനയിലൂടെ ജീവനും വിശുദ്ധി യുമുള്ള യാഗമായി എന്നെ തന്നെ നിനക്ക് സമർപ്പിക്കുന്നു.

ദൈവശബ്ദം കേൾക്കുന്നതിനും നമ്മെ പുതുക്കുന്നതിനും സമർപ്പിക്കുന്നതിനും പുതിയ വർഷത്തിൽ ഏവർക്കും ഇടയാകട്ടെ. ഈ പുതുവത്സര വിശേഷാൽ പതിപ്പിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഏവർക്കും സന്തോഷകരമായ പുതുവത്സരം ആശംസി ക്കുന്നു.

സസ്നേഹം,

**റൈറ്റ് റവ. മലയിൽ സാബു കോശി ചെറിയാൻ**

ബിഷപ്പ്

കോട്ടയം

20.12.2024



# 'Vicar's Reflections

Greetings to you all in the name of our Lord and Saviour Jesus Christ,

" The past is no more, and the future is yet to come; but today is a gift of God's grace, a moment to live fully in His presence." – says Henri Nouwen. The start of a new year gives us a chance to reflect on how life and religion connect and re-align our hearts with God's eternal promises and divine purpose.

The New Year is an opportunity to reaffirm our pledges to our relationship with God and our ambitions. It is the time to reflect on our lives-where we are, where we have been, and where we are going-is a natural pause offered by the New Year. It's an opportunity to reassess our priorities and reorient ourselves towards what matters in our lives. The New Year is an opportunity to reaffirm our life and resolve to live in faith, obedience, and service in our relationship with God. We should reconfirm our spiritual commitments to love God completely, seek His guidance, and commit ourselves to His purposes, just as we could decide to pursue personal or professional goals. This double rejuvenation of our connection with God and our objectives-acknowledges that real success arises when we ground all of our aspirations in God's plan. Our efforts become blessed and in line with His everlasting plans when we collaborate with Him.

When we ponder in and through Deuteronomy 10:12–22, we will be able to see that God calls us for a divine relationship based on obedience, respect, and love. Dietrich Bonhoeffer says, "Christianity is not a spectator religion; it demands participation, partnership, and a response to God's covenant of grace." It means that God expects an active involvement in all our relationships with God and our personal lives. Let us look at this pericope in detail

**01. God expects: a partnership based on love and respect**

"God does not want a servant out of duty but a partner out of love, walking in harmony with His will and purpose." Says Dallas Willard. We are reminded as we begin the new year that God

wants more from us than just obedience; He calls us into a loving relationship based on respect for one another and a dedication to His kingdom.

When we look at v. 12–13 very closely we would be able to see that God asks us to love Him, serve Him with all of our hearts and souls, live in His ways, and fear Him. This is a partnership based on love and respect rather than slavery. Thus, the new year provides an opportunity to dedicate ourselves to spiritual practices that increase our respect for God. A.W. Tozer is of the opinion that “The heart of worship is surrender. We cannot partner with God while holding onto our own will."

**02. God expects: acknowledgement of God’s sovereignty**

Recognising God's supreme control over all facets of life and submitting our plans to His flawless will are essential components of acknowledging His sovereignty. Let's resolve to trust His wisdom this year, knowing that His methods are always good and His purposes are always greater."*A.W. Tozer says,”* The sovereignty of God is not just a doctrine to believe but a reality to live by, surrendering our lives to His perfect and unfailing plan.

In V. 14–15 we read that, even though God owns the planet and the skies, He nonetheless chooses a people for Himself. This serves to remind us of His grace as well as His sovereignty. To be a partner, we must acknowledge God's sovereignty and match our goals with God's goals. John Calvin adds with this idea, “The earth is the Lord’s, not just in title but in essence. Stewardship is the way we partner with Him in His dominion."

**03. God expects; A Circumcised Heart**

V. 16 says, In the absence of an internal reform, the external covenantal sign is inadequate. Circumcision of the heart represents a life free from stubbornness and fully committed to God. Let's examine the areas in our lives where we struggle and give them to God. Charles Spurgeon inspires us in this respect, “A heart untouched by God cannot truly fulfil His purpose. Conversion begins within, where God’s Spirit moulds the soul."

**04. God expects: kindness and justice in all of our dealings.**

V.17–18 says, God is all-powerful and all-just, without favouritism. He does, however, have compassion and stands up for the weak. To be a partner with God means to live out His kindness and justice in all of our dealings. N T Wright gives an insight "To love God is to love what He loves: justice for the

oppressed, care for the vulnerable, and hope for the hopeless."

## 05. God expects: A committed relationship

V.19–22. says that we are called to be faithful partners by God, who has been faithful. This entails walking in obedience and loving strangers and to Commit to acting in a way that reflects God's justice and love this New Year. As John Wesley says, “Commitment to God is not a one-time act but a daily covenant renewed through faith, service, and praise." As we begin this new year, let’s listen to God's call for a committed relationship. Let's reaffirm our agreement with Him to follow in His ways, love as He loves, and serve as He serves.

Prayerfully,

**Alexachen**

ത്രിയേകദൈവനാമത്തിൽ എല്ലാവർക്കും സ്നേഹ വന്ദനം ,

നാം ഒരു പുതു വർഷത്തിലേക്കു കടക്കുകയാണ്. പുതുവർഷം അനുഗ്രഹ പൂർണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഭൂതകാലമിനിയില്ല, ഭാവി ഇനിയും വരാനിരിക്കുന്നതേയുള്ളൂ; എന്നാൽ ഈ ദിനം ദൈവത്തിന്റെ കൃപയുടെ ദാനമാണ്, അവന്റെ സാന്നിധ്യത്തിൽ പൂർണ്ണമായി ജീവിക്കാനുള്ള ഒരു നിമിഷമാണ് .‘എന്ന ഹെൻറി നൂവെന്റെ ആശയം, ജീവിതവും വിശ്വാസവും ദൈവത്തിന്റെ ശാശ്വതമായ വാഗ്ദാനങ്ങളുമായി നമ്മുടെ ഹൃദയങ്ങളെ എങ്ങനെ ബന്ധിപ്പിക്കുന്നുവെന്നും യഥാസ്ഥാനപ്പെടുത്തുന്നുവെന്നും, നമ്മെക്കുറിച്ചുള്ള ദൈവിക ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാനും പുതുവർഷത്തിന്റെ തുടക്കത്തിൽ നമുക്ക് അവസരം നൽകുന്നു.

ദൈവവുമായുള്ള നമ്മുടെ ബന്ധത്തെയും അഭിലാഷങ്ങളെയും ഓർത്തെടുക്കുവാനും നമ്മുടെ പ്രതിജ്ഞകൾ വീണ്ടും ഉറപ്പിക്കുന്നതിനുള്ള അവസരവുമാണ് പുതുവത്സരം. നമ്മുടെ കഴിഞ്ഞ വർഷങ്ങളിലെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാനുള്ള സമയമാണിത് നാം എവിടെയാണ്, എവിടെയായിരുന്നു, എവിടേക്ക് പോകുന്നു എന്നൊക്കെ ചിന്തിക്കാനുള്ള സ്വാഭാവിക അവസരമാണ് പുതുവർഷം വാഗ്ദാനം ചെയ്യുന്നത്.

നമ്മുടെ മുൻഗണനകൾ പുനർവിചിന്തനം ചെയ്യാനും നമ്മുടെ ജീവിതത്തിന്റെ മുൻഗണനകളിലേക്കു നമ്മെത്തന്നെ പുനഃക്രമീകരിക്കാനുമുള്ള അവസരമാണിത്. പുതുവത്സരം നമ്മുടെ ജീവിതം പുനഃസ്ഥാപിക്കാനും ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ വിശ്വാസത്തിലും അനുസരണത്തിലും സേവനത്തിലും ജീവി

ക്കാൻ ദൃഢനിശ്ചയം ചെയ്യാനുമുള്ള അവസരവുമാണ്. വ്യക്തി പരമോ തൊഴിൽപരമോ ആയ ലക്ഷ്യങ്ങൾ പിന്തുടരാൻ തീരുമാനിക്കുന്നതുപോലെ, ദൈവത്തെ പൂർണ്ണമായി സ്നേഹിക്കാനും അവന്റെ മാർഗനിർദേശം തേടാനും അവന്റെ ഉദ്ദേശങ്ങൾക്കായി സ്വയം സമർപ്പിക്കാനുമുള്ള നമ്മുടെ ആത്മീയ പ്രതിബദ്ധതകൾ നാം വീണ്ടും സ്ഥിരീകരിക്കണം. ഈ ഇരട്ട പുനരുജ്ജീവനം ദൈവവുമായുള്ള നമ്മുടെ ബന്ധവും നമ്മുടെ ലക്ഷ്യങ്ങളും നമ്മുടെ എല്ലാ അഭിലാഷങ്ങളും ദൈവിക പദ്ധതിയിൽ നിലനിറുത്തുമ്പോഴാണ് വിജയത്തിലെത്തുന്നത് എന്ന് ഓർക്കുന്നത് ഉചിതമാണ്. നാം ദൈവവുമായി ചേർന്നുനിൽക്കുമ്പോഴാണ് നമ്മുടെ പ്രയത്നങ്ങൾ അനുഗ്രഹീതവും അവന്റെ ശാശ്വതമായ പദ്ധതികൾക്ക് അനുസൃതവുമാകുന്നത് .

ആവർത്തനപുസ്തകം 10:12-22വരെയുള്ള ഭാഗം നാം വായിച്ചു ധ്യാനിക്കുമ്പോൾ അനുസരണം, ബഹുമാനം, സ്നേഹം എന്നിവയിൽ അധിഷ്ഠിതമായ ഒരു ദൈവിക ബന്ധത്തിനായി ദൈവം നമ്മെ വിളിക്കുന്നതായി നമുക്ക് ബോധ്യം ലഭിക്കുന്നു. ഡീട്രിച്ച് ബോൺഹോഫർ പറയുന്നു, ക്രിസ്തുമതം ഒരു കാഴ്ചക്കാരന്റെ മതമല്ല; അത് സഹവർത്തിത്വവും പങ്കാളിത്തവും ദൈവത്തിന്റെ കൃപയുടെ ഉടമ്പടിയോടുള്ള പ്രതികരണവും ആവശ്യപ്പെടുന്നു.' ദൈവവുമായുള്ള നമ്മുടെ എല്ലാ ബന്ധങ്ങളിലും നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും സജീവമായ ഇടപെടൽ ദൈവം പ്രതീക്ഷിക്കുന്നു എന്നാണ് ഈ വേദഭാഗം നമ്മെ ബോധിപ്പിക്കുന്നതു. അത് നമുക്ക് വിശദമായി നോക്കാം.

**01. സ്നേഹത്തിലും ബഹുമാനത്തിലും അധിഷ്ഠിതമായ ഒരു പങ്കാളിത്തം: ദൈവ പ്രതീക്ഷയാണ്**

'ദൈവം ആഗ്രഹിക്കുന്നത് കടമ നിറവേറ്റാത്ത ഒരു ദാസനെയല്ല, മറിച്ച് ദൈവ ഇഷ്ടത്തിനും ഉദ്ദേശ്യത്തിനും അനുസൃതമായി സ്നേഹത്തിൽ നടക്കുന്ന ഒരു പങ്കാളിയെയാണ്. 'ഡാലസ് വില്ലാർഡ് പറയുന്നു. ദൈവം നമ്മിൽ നിന്ന് അനുസരണം മാത്രമല്ല ആഗ്രഹിക്കുന്നതെന്ന് പുതുവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു; പരസ്പരം ആദരവിലും അവന്റെ രാജ്യത്തോടുള്ള സമർപ്പണത്തിലും അധിഷ്ഠിതമായ ഒരു സ്നേഹബന്ധത്തിലേക്ക് അവൻ നമ്മെ വിളിക്കുന്നു.

**12-13 വാക്യങ്ങൾ വായിക്കുമ്പോൾ**

ദൈവത്തെ സ്നേഹിക്കാനും പൂർണ്ണഹൃദയത്തോടും ആത്മാവോടുംകൂടെ അവനെ സേവിക്കാനും അവന്റെ വഴികളിൽ ജീവിക്കാനും അവനെ ഭയപ്പെടാനും ദൈവം നമ്മോട് ആവശ്യപ്പെടുന്നത് വളരെ വ്യക്തമായി വായിച്ചെടുക്കാൻ കഴിയും. അടിമത്ത

ത്തേക്കാൾ സ്നേഹത്തിലും ബഹുമാനത്തിലും അധിഷ്ഠിതമായ പങ്കാളിത്തമാണിത്. അങ്ങനെ, ദൈവത്തോടുള്ള നമ്മുടെ ആദരവ് വർദ്ധിപ്പിക്കുന്ന ആത്മീയ ആചാരങ്ങൾക്കായി സ്വയം സമർപ്പി ക്കാനുള്ള അവസരമാണ് പുതുവർഷം. 'ആരാധനയുടെ ഹൃദയം കീഴടങ്ങലാണ്. നമ്മുടെ സ്വന്തം ഇഷ്ടം മുറുകെപ്പിടിച്ചുകൊണ്ട് നമുക്ക് ദൈവവുമായി പങ്കാളികളാകാൻ കഴിയില്ല എന്ന എ.ഡബ്ല്യു ടോസ റിന്റെ അഭിപ്രായം ഈ സന്ദർഭത്തിൽ ഓർക്കുന്നത് ഉചിതമാണ്

**02. ദൈവത്തിന്റെ പരമാധികാര അംഗീകാരം ദൈവം പ്രതീക്ഷിക്കുന്നു:**

ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവത്തിന്റെ പരമോന്നത നിയന്ത്രണം തിരിച്ചറിയുകയും നമ്മുടെ പദ്ധതികൾ അവന്റെ ഇഷ്ടത്തിന് കുറ്റമറ്റതായി സമർപ്പിക്കുകയും ചെയ്യുന്നത് അവന്റെ പരമാധികാരത്തെ അംഗീകരിക്കുന്നതിന്റെ അനിവാര്യ ഘടകങ്ങളാണ്. ഈ വർഷം അവന്റെ ജ്ഞാനത്തിൽ വിശ്വസിക്കാൻ നമുക്ക് ദൃഢനിശ്ചയം ചെയ്യാം, അവന്റെ രീതികൾ എപ്പോഴും നല്ലതാണെന്നും അവന്റെ ഉദ്ദേശ്യങ്ങൾ എല്ലായ്പ്പോഴും മഹത്തരമാണെന്നും അറിഞ്ഞുകൊണ്ട് നമുക്ക് പുതുവർഷം പൂകാം.

'എ.ഡബ്ല്യു. ടോസർ പറയുന്നത് ശ്രദ്ധേയമാണ്, ദൈവത്തിന്റെ പരമാധികാരം വിശ്വസിക്കാനുള്ള ഒരു സിദ്ധാന്തമല്ല, മറിച്ച് നമ്മുടെ ജീവിതത്തെ അവനിൽ സമർപ്പിച്ച് അവന്റെ തികഞ്ഞതും പരാജയപ്പെടാത്തതുമായ പദ്ധതിക്കനുസരണമായി ജീവിക്കാനുള്ളതാണ്'. 1415വാക്യങ്ങളിൽ നാം വായിക്കുന്നത്, ദൈവത്തിന് ഗ്രഹവും ആകാശവും ഉണ്ടെങ്കിലും, അവൻ തനിക്കായി ഒരു ജനതയെ തിരഞ്ഞെടുക്കുന്നു എന്നാണ്. ഇത് അവന്റെ കൃപയെക്കുറിച്ചും അവന്റെ പരമാധികാരത്തെക്കുറിച്ചും നമ്മെ ഓർമ്മിപ്പിക്കാൻ സഹായിക്കുന്നു. ഒരു പങ്കാളിയാകാൻ, നാം ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുകയും നമ്മുടെ ലക്ഷ്യങ്ങളെ ദൈവത്തിന്റെ ലക്ഷ്യങ്ങളുമായി സമരസപ്പെടുത്തുകയും വേണം. ജോൺ കാൽവിൻ ഈ ആശയത്തോടെ കൂട്ടിച്ചേർക്കുന്നു, ഭൂമി കർത്താവിന്റെതാണ്, തലക്കെട്ടിൽ മാത്രമല്ല, സത്തയിലും. അവന്റെ ആധിപത്യത്തിൽ നാം അവനുമായി പങ്കാളികളാകുന്ന രീതിയാണ് നമ്മെ കാര്യസ്ഥരാക്കുന്നത്.'

**03. പരിച്ഛേദന ചെയ്യപ്പെട്ട ഒരു ഹൃദയം:ദൈവ പ്രതീക്ഷയാണ്**

വാക്യം 16 പറയുന്നു, ഒരു ആന്തരിക നവോദ്ധാനത്തിന്റെ അഭാവത്തിൽ, ബാഹ്യ ഉടമ്പടിയുടെ അടയാളം അപര്യാപ്തമാണ്. ഹൃദയത്തിന്റെ പരിച്ഛേദനം ശാഠ്യത്തിൽ നിന്ന് മുക്തവും ദൈവത്തോട് പൂർണ്ണമായും പ്രതിജ്ഞാബദ്ധവുമായ ഒരു

ജീവിതത്തെ പ്രതിനിധീകരിക്കുന്നു.

നമ്മുടെ ജീവിതത്തിൽ നാം പോരാടുന്ന മേഖലകൾ പരിശോധിച്ച് അവ ദൈവത്തിന് നൽകാം. ദൈവത്താൽ സ്പർശിക്കാത്ത ഒരു ഹൃദയത്തിന് അവന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ നിറവേറ്റാൻ കഴിയില്ല. ദൈവാത്മാവ് ആത്മാവിനെ രൂപപ്പെടുത്തുന്നിടത്താണ് പരിവർത്തനം ആരംഭിക്കുന്നത്. ചാൾസ് സ്പർജന്റെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കണം

**04. എല്ലാ ഇടപാടുകളിലും ദയയും നീതിയും:ദൈവം പ്രതീക്ഷിക്കുന്നത്:**

വാക്യം 17,18 പറയുന്നു, ദൈവം സർവ്വശക്തനും സർവനീതിയും പക്ഷപാതരഹിതനുമാണ്. എന്നിരുന്നാലും, ദൈവത്തിനു അനുകമ്പയുണ്ട്, ദുർബലർക്ക് വേണ്ടി നിലകൊള്ളുന്നു. ദൈവവുമായി ഒരു പങ്കാളിയാകുക എന്നതിനർത്ഥം നമ്മുടെ എല്ലാ ഇടപാടുകളിലും അവന്റെ ദയയും നീതിയും പാലിക്കുക എന്നതാണ്. 'ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവൻ സ്നേഹിക്കുന്നതിനെ സ്നേഹിക്കുക എന്നതാണ്: അടിച്ചമർത്തപ്പെട്ടവർക്ക് നീതി, ദുർബലർക്ക് വേണ്ടിയുള്ള കരുതൽ, പ്രതീക്ഷയില്ലാത്തവർക്ക് പ്രത്യാശ' എന്ന എൻ ടി റൈറ്റിന്റെ ഉൾക്കാഴ്ച സ്വീകാര്യമാകണം .

**05. പ്രതിബദ്ധതയുള്ള ബന്ധം:ദൈവം പ്രതീക്ഷയാണ്**

19 മുതൽ 22 വരെയുള്ള ഭാഗത്തു വിശ്വസ്തരായ ദൈവത്താൽ വിശ്വസ്ത പങ്കാളികളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന ധ്വനി നമുക്ക് വായിച്ചെടുക്കാം.

ഇത് ദൈവീക അനുസരണയോടെ നടക്കുകയും അപരിചിതരെ സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സാധ്യമാകൂ.

ഈ പുതുവർഷത്തിൽ ദൈവത്തിന്റെ നീതിയും സ്നേഹവും പ്രതിഫലിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധമാകാം. ജോൺ വെസ്ലി പറയുന്നതുപോലെ, 'ദൈവത്തോടുള്ള പ്രതിബദ്ധത ഒറ്റത്തവണയുള്ള പ്രവൃത്തിയല്ല, മറിച്ച് വിശ്വാസം, സേവനം, സ്തുതി എന്നിവയിലൂടെ പുതുക്കപ്പെടുന്ന ദൈനംദിന ഉടമ്പടിയാണ്.' അവൻ സ്നേഹിക്കുന്നതുപോലെ സ്നേഹിച്ചുകൊണ്ടും, അവൻ സേവിക്കുന്നതുപോലെ സേവിച്ചുകൊണ്ടും, അവനുമായുള്ള നമ്മുടെ ഉടമ്പടി വീണ്ടും പുതുക്കി ഉറപ്പിച്ചു നമുക്ക് മുന്നേറാം

വിശ്വസ്തതയോടും സ്നേഹത്തോടും

**അലക്സച്ചൻ**



**Aaron Abraham Philip & Sara Johnson**

**MARRIED ON 07TH DECEMBER 2024**

**S/o Mrs & Mr Philip C. Abraham**
Kaniyamkulam, Peroorkada, Tvm (ID P-014)

**D/o Mrs & Mr Johnson Thomas**
Neduvileparambil, Mavelikkara



## Titu Mani Thomas & Aadra Sarah Abraham

**MARRIED ON 09TH DECEMBER 2024**

**S/o Mrs Cicy Thomas & Dr. Thomas Varghese,** Panickaredathu, Kannamoola, Tvm

**D/o Mrs & Mr. Shephy Thomas,** Manokumpuza, Kottayam



# വാർത്തകളും കുറിപ്പുകളും

**1. Tidings പുതുവത്സര വിശേഷാൽ പതിപ്പ് ജനുവരി 2025**

Tidings-ന്റെ ഒരു പുതുവത്സര വിശേഷാൽ പതിപ്പ് ഈ മാസം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷം ഉണ്ട്.

2008 വർഷം വരെ രണ്ടു മാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിച്ചിരുന്ന ഇടവക ന്യൂസ് ലെറ്റർ, 2009 ജനുവരി മാസം മുതൽ കെട്ടിലും മട്ടിലും രൂപഭേദം വരുത്തി ‘Tidings’ എന്ന തലക്കെട്ടോടെ മാസം തോറും പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചു. ഇന്നും അത് തുടർന്ന് വരുന്നു. 5 തവണ മഹായിടവക സാഹിത്യ ബോർഡിന്റെ ജ്ഞാന നിക്ഷേപം അവാർഡിനർഹമായിട്ടുണ്ട്. Tidings നു സഭാജനങ്ങളിൽ നിന്നും വലിയ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രസിദ്ധീകരണ ചെലവ്, പരസ്യ വരുമാനത്തിലൂടെ കണ്ടെത്തുവാൻ കഴിയുന്നുണ്ട്. ചിലവിനുപരിയായി ലഭിക്കുന്ന വരവിന്റെ നീക്കിയിരിപ്പുതുക കാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. തൻ മാസത്തിൽ നടന്ന കാര്യങ്ങളും അടുത്ത മാസത്തിൽ നടക്കുവാനുള്ള കാര്യപരിപാടികളും മറ്റു വാർത്തകളുമെല്ലാം ചിത്രങ്ങൾ സഹിതം സഭാജനങ്ങളിൽ എത്തിക്കുവാൻ Tidings ലൂടെ സാധിക്കുന്നു. എല്ലാ മാസവും ഒന്നാം ഞായറാഴ്ച തന്നെ മുടക്കമില്ലാതെ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നുണ്ട്.

ഈ പുതുവത്സര വിശേഷാൽ പതിപ്പിൽ വിശിഷ്ട വ്യക്തികളുടെയും സഭാംഗങ്ങളുടെയും ലേഖനങ്ങൾ, കവിത, അഭിമുഖം, ചിത്രരചനകൾ 2025 ലെ ആക്ഷൻ പ്ലാൻ കലണ്ടർ എന്നിവ കൂടുതലായി ഉൾകൊള്ളിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിശേഷാൽ പതിപ്പിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ ബിജു മാത്യുവിനും, ഇതിനായി വളരെയധികം പ്രയത്നിച്ച സ/ശ്രീ രജി ഈശോ ചെറിയാൻ, എം ജെ കുരുവിള, കോര എബ്രഹാം, ഷാജിഅമ്പാട്ട്, എന്നിവർക്കും മറ്റു എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. Tidings പ്രസിദ്ധീകരണത്തിനായി നേതൃത്വം നൽകി, പിന്തുണ നൽകി, കൂടെ നിന്ന് പ്രവർത്തിക്കുന്ന അലക്സ് അച്ചനും ബിനോ അച്ചനും, ചർച്ച് കമ്മിറ്റിക്കും പ്രത്യേക നന്ദി അറിയിക്കുന്നു. Tidings-ന്റെ പ്രസിദ്ധീകരണത്തിനായി സഭാംഗങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സഹായ സഹകരണങ്ങളും തുടർന്നും പ്രതീക്ഷിക്കുന്നു, നന്ദി.

**2. ടൈഡിങ്സ് കാരുണ്യപ്രവർത്തനങ്ങൾ**

കഴിഞ്ഞ ഒരു വർഷത്തെ ടൈഡിങ്സ് പ്രസിദ്ധീകരണത്തിനായി ലഭിച്ച (ചിലവിനുപരിയായി) വരവിന്റെ ഒരു ഭാഗം കാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി സെയിന്റ് ജോൺസ് സി.എസ്.ഐ. ചർച്ച് മുടവന്മുകളിലെ അർഹരായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായം 20-12-2024നു ഇടവക വികാരി അലക്സ് അച്ചന്റെ അധ്യക്ഷതയിൽ നടത്തിയ പ്രത്യേക യോഗത്തിൽ വച്ച് വിതരണം ചെയ്യുകയുണ്ടായി.

**3. ആദ്യഫലപ്പെരുന്നാൽ 2024**

നവംബർ 30 ശനിയാഴ്ച രാവിലെ 9.30 നു അലക്സ് അച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ച, ഈ വർഷത്തെ ലേല വസ്തുക്കളുടെ സ്വീകരണവും രജിസ്ട്രേഷനും അന്ന് രാത്രി 9 മണിവരെയും ഞായറഴ്ച്ച രാവിലെ 7.00 മണി മുതലും തുടർന്നു. ഡിസംബർ 1 ഞായറാഴ്ച രാവിലെ 7.30 നു ആരംഭിച്ച സംയുക്താരാധനക്കു ശേഷം പ്രഭാത ഭക്ഷണം കഴിഞ്ഞയുടനെ ആദ്യഫല ലേലവും വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തിയ സ്റ്റാളുകളുടെ പ്രവർത്തനവും ആരംഭിച്ചു. ഉച്ചഭക്ഷണത്തിനു ശേഷവും തുടർന്ന ലേലം അവസാനിച്ചപ്പോൾ സൂര്യൻ പടിഞ്ഞാറസ്തമിച്ചിരുന്നു. സംഘാടകർക്കും വോളന്റിയർമാർക്കും സഭയുടെ നന്ദി. ആദ്യ ഫലപ്പെരുന്നാളിന്റെ വിജയത്തിനായി വളരെയധികം പ്രയത്നിച്ച ഇടവക വികാരിമാർക്കും, കൈക്കാരന്മാർക്കും കമ്മിറ്റി അംഗങ്ങൾ, സംഘടനാ പ്രവർത്തകർ, സഭാ ജീവനക്കാർ എന്നിവർക്കും പ്രത്യേകിച്ച് ആദ്യ ഫലപെരുന്നാൾ കൺവീനർമാർക്കും സഭയുടെ നന്ദി അറിയിക്കുന്നു. എല്ലാ മേഖലകളിലും സജീവ പങ്കാളികളായി പെരുന്നാൾ വൻ വിജയമാക്കിയ പ്രിയ സഭാജനങ്ങളോടുള്ള പ്രത്യേക നന്ദിയും അറിയിക്കുന്നു. ഈ വർഷവും കഴിഞ്ഞ വർഷങ്ങളിലെപ്പോലെ തന്നെയുള്ള സാമ്പത്തിക സമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. സ്ത്രോത്ര ദാന ദാതാക്കളെ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു .

**4.പ്രൊഫിഷൻസി പ്രൈസ് അവാർഡ് 2023-24**

പ്രൊഫിഷൻസി പ്രൈസ് അവാർഡുകൾ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആദ്യഫലപ്പെരുനാൾ വേദിയിൽ വച്ച് ഇടവക വികാരിമാർ നൽകുകയുണ്ടായി.

1. റബേക്ക ജോഷ്വാ നോക്സ്
2. സണ്ണി എബ്രഹാം മാത്യു

**5. ക്രിസ്തുമസ് കരോൾ 2024**

ഈ വർഷത്തെ ക്രിസ്തുമസ് കരോൾ സർവീസ്

ഡിസംബർ മാസം 24 ചൊവ്വാഴ്ച വൈകിട്ട് 6 മണിക്ക് നടത്തപ്പെട്ടു. വിശിഷ്ടാതിഥി ഡോ. വി പി ജോയ് IAS ക്രിസ്തുമസ് സന്ദേശം നൽകി. സഭയുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

കരോൾ ഗാനങ്ങൾ പരിശീലിപ്പിച്ച ക്വയർ മാസ്റ്റർ ശ്രീ. ജോൺ ജേക്കബ് ഈപ്പനോടും, മനോഹര ഗാനങ്ങൾ അവതരിപ്പിച്ച ഗായകസംഘാംഗങ്ങളോടും ജൂനിയർ ക്വയർ അംഗങ്ങളോടും അവതാരകരായി പ്രവർത്തിച്ചവരോടും ഉള്ള സഭയുടെ നന്ദി അറിയിക്കുന്നു. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി അണിയറയിൽ പ്രവർത്തിച്ച ഗായക സംഘത്തിന്റെ സെക്രട്ടറി, മെമ്പർ ഫിനാൻസ്, മറ്റു ഭാരവാഹികൾ എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു

**6. പുതിയ ഗായകസംഘാംഗങ്ങൾ**

ഗായകസംഘത്തിലേക്കു 13 പുതിയ അംഗങ്ങളെ ഡിസംബർ രണ്ടാം ഞായറാഴ്ച പ്രതിഷ്ഠിക്കയുണ്ടായി. നവാഗതകർക്കു ഗായകസംഘത്തിലേക്കു സ്വാഗതം .

**7. ക്രിസ്തുമസ് ഗാനങ്ങളുടെ സംപ്രേക്ഷണം**

നമ്മുടെ ഗായകസംഘം ആലപിച്ച ക്രിസ്തുമസ് ഗാനങ്ങളും വികാരിമാരുടെ ക്രിസ്തുമസ് സന്ദേശങ്ങളും ഉൾകൊള്ളുന്ന പരിപാടി ഹാർവസ്റ്റ് ടി വി ഡിസംബർ 25, ജനുവരി 1 തീയതികളിൽ സംപ്രേക്ഷണം ചെയ്യുകയുണ്ടായി

**8. മഹായിടവക കൗൺസിൽ യോഗം**

മഹായിടവക കൗൺസിൽ യോഗം ഡിസംബർ 16,17,18 തീയതികളിൽ കോട്ടയത്തുവച്ചു നടക്കുകയുണ്ടായി. ഇടവക വികാരിയും , നമ്മുടെ 6-ൽ 5 കൗൺസിൽ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയുണ്ടായി .

**9. കരോൾ റൗണ്ടസ് 2024**

ഏരിയ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കരോൾ റൗണ്ടസ്/സർവീസ് ഈ വർഷവും നടത്തുകയുണ്ടായി. സൗഹൃദ കൂട്ടായ്മയും ക്രിസ്തുമസ് ആഘോഷങ്ങളും നടത്തി. കൺവീനേഴ്സിനും പങ്കെടുത്തവർക്കും പ്രത്യേക നന്ദി അറിയിക്കുന്നു.

**10.ക്രിസ്തുമസ് - ന്യൂ ഇയർ കൂട്ടായ്മ**

ക്രിസ്തുമസ് - ന്യൂ ഇയർ കൂട്ടായ്മ ഡിസംബർ 29 ഞായറാഴ്ച വൈകിട്ട് 4 മണിമുതൽ നടത്തപ്പെട്ടു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഗെയിംസ്, കലാപരിപാടികൾ, സാന്താ ക്ലോസ് എന്നിവ നടത്തപ്പെട്ടു. പരിപാടിയുടെ കൺവീനർമാരായി പ്രവർത്തിച്ചവർക്കുള്ള പ്രത്യേക നന്ദി അറിയിക്കുന്നു .

**11. വാർഷിക കൺവെൻഷൻ 2025**

ക്രൈസ്റ്റ് ചർച്ച് വാർഷിക കൺവെൻഷൻ 2025, ജനുവരി മാസം 10,11,12 തീയതികളിൽ നടത്തപ്പെടുന്നതാണ്. പ്രസിദ്ധ

കൺവെൻഷൻ പ്രാസംഗികനായ, മാർത്തോമാ സഭ വികാരി ജനറൽ വെരി റവ.ഡോ.ഷാം പി.തോമസ് അച്ചൻ (ECC Director Bengaluru) ആണ് മുഖ്യ പ്രാസംഗികൻ. പ്രാർത്ഥനയോടെ പങ്കെടു ക്കുവാൻ അഭ്യർത്ഥിക്കുന്നു. കൺവെൻഷൻ ഗായകസംഘത്തിന്റെ പ്രത്യേക ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ് .

ആദ്യഫലപ്പെരുന്നാൾ, ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ദിന ആരാധനകൾ, ഗെറ്റുഗെതെർ, വർഷാന്ത്യ/പുതുവത്സര ആരാധനകൾ എന്നിവ അനുഗ്രഹീതമായി നടത്തുവാൻ സഹായിച്ച ദൈവത്തിനു സ്തുതി കരേറ്റുന്നു. ഏറ്റവും അനുഗ്രഹീതവും, സന്തോഷവും, സമാധാനവും, സമ്പൽ സമൃദ്ധിയും നിറഞ്ഞ ഒരു പുതുവത്സരം ആശംസിക്കുന്നു.

പ്രാർത്ഥനാശംസകളോടെ

**സജി സാം ജോർജ്**

*സെക്രട്ടറി*

## BAPTISM

1. **AYDEN VARGHESE**, S/o Mr. Sumit Ninan Varghese & Mrs. Rini Thomas (ID:N-005/ Page No.376) Putheadathu, Peroorkada P.O., Trivandrum-695005, on 6th December 2024, (DOB: 11th December 2023).

2. **JORDAN RAJKUMAR**, S/o Mr. Jacob Thomas Davidson & Mrs. Sharon Monisha Rajkumar (ID:S-004/ Page No.556) Vattiyoorkavu P.O. Trivandrum-695013, on 10th December 2024, (DOB: 23rd April 2024).

3. **ZANE KURIEN CHERIYAN**, S/o Mr. Ajay Mathews Cheriyan & Mrs. Nimmy Susan Kurien (ID: A-134/ Page No.69), Vettasseril, Mannanthala P.O. Trivandrum-695015, on 20th December 2024, (DOB: 26th May 2022).

4. **AIDEN JOHN THOMAS**, S/o Mr. Ben John Thomas & Mrs. Shruthi Vinod (ID: R-022/ Page No: 345), Mullamangalam, Peroorkada P.O. Trivandrum-695005, on 21st December 2024, (DOB: 22nd June 2023).

## ALMANAC

| | |
|---|---|
| 10-01-2025 | 7.30 a.m. Friday H.E. ( Malayalam ) |
| 12-01-2025 | 1st Sunday after Epiphany |
| Theme | **Be Holy** |
| | **വിശുദ്ധരാകുക** |
| | Old Testament Deut.7:1-11 Psalm Ps.5 |
| | New Testament Eph.5:18-20 Gospel John.17:13-17 |
| | 5.45 a.m. Matins (Tamil) 7.15 a.m. H.E. ( English ) |
| | 9.45 a.m. Matins. (Malayalam) 7.00 am HE (Mal) Zion Hall |
| | 6.00 p.m. Evensong at Zenana |
| 17-01-2025 | 7.30 a.m. Friday H.E. ( Malayalam ) |
| 19-01-2025 | 2nd Sunday after Epiphany |
| | Ecumenical Sunday |
| Theme | **One Body and One Baptism** |
| | **സഭാഐക്യ ഞായർ, ഏക ശരീരവും ഏക സ്നാനവും** |
| | Old Testament Amos.9:5-12 Psalm Ps.115 |
| | New Testament Eph.4:1-6 Gospel Mathew.16:13-20 |
| | 5.45 a.m. H.E. (Tamil) 7.15 a.m. H.E. (English ) |
| | 9.45 a.m. H.E. (Malayalam) 6.00 p.m. Evensong at Zenana |
| 24.01.2025 | 7.30 a.m. Friday H.E. (Malayalam) |
| 26.01.2025 | 3rd Sunday after Epiphany |
| Theme | **United in Love** |
| | **സ്നേഹത്തിലുള്ള ഐക്യത** |
| | Old Testament Duet.4:1-10 Psalm.Ps.30 |
| | New Testament 1 Cor.1:10-18 Gospel John.15:11-17 |
| | 5.45 a.m. Matins (Tamil) 7.15 a.m. Matins. (English) |
| | 7:00 a.m. HE (Mal) Zion hall |
| | 9.45 a.m. HE (Malayalam) 6.00 p.m. Evensong at Zenana |

## ALMANAC

| | |
|---|---|
| 31.01.2025 | 7.30 a.m. Friday H.E. (Malayalam) |
| 02.02.2025 | 4th Sunday after Epiphany |
| Theme | Praise the Lord (Worship) |
| | കർത്താവിന് സ്തുതി (ആരാധന) |
| | Old Testament Ex. 9:1-7 Psalm Ps.81 |
| | New Testament Rev.5:1-14 Gospel John.2:13-22 |
| | 5.45 HE (Tamil) 7.15 HE (English) |
| | 9.45 HE (Malayalam) 6.00pm Evening at Zenana |

## ROSTER FOR READING LESSON

**ENGLISH**

| Date | First Lesson | Second Lesson |
|---|---|---|
| 12-01-2025 | Mr. George Ninan | Mrs. Laji Wilson |
| 19-01-2025 | Mr. John Kurien | Mrs. Roshini G. Ninan |
| 26-01-2025 | Mr. K V Thomas | Mrs. Susan Varghis |
| 02-02-2025 | Mr. P G George | Mrs. Jessy John |

**MALAYALAM**

| Date | First Lesson | Second Lesson |
|---|---|---|
| 12-01-2025 | Mr. P J Koshy | Mrs. Usha Lincoln |
| 19-01-2025 | Mr. Mesfin Zachariahs | Mrs. Raimol A Ninan |
| 26-01-2025 | Dr. N. O Varghese | Mrs. Jolly Job |
| 02-02-2025 | Dr. Thomas Abraham | Mrs. Geetha Philip |

*If anybody requires change in the date, please contact Church Wardens in advance*

# INHERENT CHALLENGES 2025, THE YEAR OF DEDICATION



Very Rev. Daniel George

**2025** becomes special for us as we observe the year as a rethinking period of our dedication as a community of the faithful. To expound, I restrict myself to the limitation of the text: “Speak, LORD, for your servant is listening.” (I Samuel 3: 9b)

## A) Samuel the Nazirite

Apart from the birth of Samuel as a favour received from God in response to Hannah’s prayer, the calling of Samuel for a specific purpose was not mentioned in the text, when compared to, for example, the birth of John the Baptist, or the birth of Jesus. The status was life long, as in the case of Samson, while the former entered into the vow through the oath of his mother ( I S 1:11) and, the latter, through a divine command to the mother (Judges 13:5). But in Num. 6, the vow of Nazirites is voluntary and need not be lifelong one.

I am leaving it open to further meditate on whether forcefully dedicating a person for a vocation, without his/her consent/knowledge, that too even before a baby is being conceived, is an acceptable mode of dedication. To add, when we examine, for example, the call narratives of Moses (Ex. 3:11; 4:10), Isaiah (6:5), Mary (Lk. 1:29,34) for specific dedicated services, we find the persons enjoying freedom to dissociate with the calling.

## B) Dedicated to be Instrumental for Social Transition

So many offices converge on the person of Samuel: Judge, Prophet, Priest. When Samuel became old, he made his two sons judges over Israel, but the people were not happy with the appointment as the two were not following the ways of Samuel (I S 8:1-5). The people then demanded Samuel to

appoint for them a king, after the way of the nations (I S 8:5ff). Following the demand, Samuel first anointed Saul as king over them and then, after the rift between himself and Saul (I S 13: 1-14; 15: 10-31), anointed David as king in the place of Saul (I S 16). This act of Samuel marked the end of a social system adopted by the people until then to a new challenging system, which was followed by the nations, to adapt their own words (I S 8:5).

The following remarkable changes had taken place:

1. The structure of the society as a confederation of Tribes had been done away with, especially, with King Solomon dividing the nation into twelve districts and appointing royal officers in charge of the districts;
2. Tribal heads and tribal system of governance were replaced by royal officers and royal proclamation; New powers of centre came into being with a wealthy powerful minority dictating terms, while most of the people were undergoing poverty, exploitation and even slavery by their own masters;
3. With the dedication of the Jerusalem Temple the monarchy took absolute control over religion;
4. Immediately after the death of Solomon, the kingdom was divided into two, the Northern Kingdom of Israel and the southern Kingdom of Judah
5. BC 722 marked the end of Israel and BC 586 marked the end of Judah
6. Israel became a nation and continued as such for more than two centuries, virtually enjoying the fulfillment of the promise of land given to the fathers;
7. The people who returned from the Babylonian exile tried to rebuild and establish but had to undergo many rough and tough situations that they were scattered all over the

world by 1st century AD and became a nation only in 1948 and the rest of history we are well aware of.

8. Yet, the institution of Monarchy is still their hope after the eternal covenant God had made with David (II S 7:4-17).

See how the dedication of Samuel had brought in far reaching consequences in the life and history of the people of Israel. As with everything in this world, there are ups and downs, but the social transition, began with Samuel, still moves forward to its ultimate goal.

Dedication should continue, even after us, bearing results, to lead the community from transition to transition!

*The writer was the Vicar of Christ Church and Chariman of Tidings Editorial Board at the time of Inception of Tidings*

## Area Prayer Meetings

| Date & Time | Area | Name | IDNo. | PageNo. | Phone |
|---|---|---|---|---|---|
| 05-01-2025 Sunday 4:30pm | Kesavadasapuram | Mr. Jacob K Varghese (Sam) | J-027 | 61 | ... |
| 05-01-2025 Sunday 4:30pm | Peroorkada | Mr. Roy Philip | R-062 | 323 | 9846165640 |
| 15-01-2025 Wedneday 5:00pm | Nanthencode | Mr. Reji Easo Cherian | R-032 | 205 | 7994455788 |
| 19-01-2025 Sunday 4:30pm | Peroorkada | Mr. M J Kuruvilla | K-045 | 369 | 9447734292 |
| 23-01-2025 Thursday 4:30pm | Pongumoodu-Sreekariyam | Mr. Abraham George | A-022 | 438 | 7592040365 |
| 24-01-2025 Friday 4.30pm | Pattom-Plamoodu | Mrs. Pennamma Mathew | M-075 | 309 | 9446820065 |

**ഏരിയ പ്രയർ കൺവീനർമാരുടെ ശ്രദ്ധയ്ക്ക്**

ഏരിയ പ്രയർ കൂടിവരവ് - മീറ്റിംഗുകളുടെ വിവരങ്ങൾ, 20-ാം തീയതിക്കു മുമ്പായി ലഭിച്ചാൽ ടൈഡിംഗ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.



# ശതാവധാനിയുമൊത്തൊരു സായാഹ്നം



സി.എസ്.ഐ. മധ്യ കേരള മഹായിടവകയിലെ മുതിർന്ന പട്ടക്കാരനാണ് വെരി റവ മാത്യു മാത്യു (മള്ളൂത്ര). മധ്യ കേരള മഹായിടവകയുടെ അനേകം ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബിഷപ് കമ്മിസറി തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്. ആകർഷകമായ പ്രസംഗ ശൈലിയുടെ ഉടമയായ അദ്ദേഹം ഭാരതമൊട്ടുക്കും ഗൾഫ് രാജ്യങ്ങളിലും പ്രസംഗ പര്യടനം നടത്തിയിട്ടുണ്ട്. 1979 മുതൽ 1984 വരെ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിന്റെ വികാരിയായി പ്രവർത്തിച്ച മാത്യു മാത്യു അച്ചൻ 2002 മുതൽ തിരുവനന്തപുരത്തു താമസിച്ചു വരുന്നു. 1925 സെപ്തംബർ 30 നു ജനിച്ച് നൂറു വയസ്സ് പൂർത്തിയാക്കുന്ന അച്ചനോട് ക്രൈസ്റ്റ് ചർച്ച് സഭാംഗങ്ങൾക്കുള്ള സ്നേഹവും ബഹുമാനവും വാക്കുകൾക്കതീതമാണ്. ശതായുഷ്മാനായ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളെ ചോദിച്ചറിയുവാനുള്ള ഒരെളിയ ശ്രമമാണ് ടൈഡിങ്സ് ഈ അഭിമുഖത്തിലൂടെ നടത്തിയിരിക്കുന്നത്ത് .

ഞാനും ടൈഡിങ്സ് എഡിറ്റോറിയൽ ബോർഡ് കൺവീനർ ശ്രീ സജി സാം ജോർജ് ഉം കഴിഞ്ഞയാഴ്ച ഒരുദിവസം വൈകുന്നേരം അഭിമുഖത്തിനായി അദ്ദേഹത്തെ സന്ദർശിക്കയുണ്ടായി. നേരത്തെ വിളിച്ചറിയിച്ചിരുന്നതിനാൽ ഔദ്യോഗിക വേഷമൊക്കെ ധരിച്ചു വളരെ ഉന്മേഷവാനായി ഞങ്ങളെ കാത്തിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത് . ഊഷ്മളമായ സ്വാഗതം നൽകി ഞങ്ങളെ സ്വീകരിക്കുകയും കുശല പ്രശ്നങ്ങൾക്കുശേഷം അഭിമുഖത്തിലേക്കു കടക്കുകയും ചെയ്തു.

**ചോദ്യം:** തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിനെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷം പകരുന്ന ഒന്നാണ് മാത്യു മാത്യു അച്ചൻ ശതായുഷ്മാനായി എന്നത്. ആ സന്തോഷം അങ്ങയുമായി പങ്കുവച്ചുകൊണ്ടു ചോദിക്കട്ടെ അച്ചന്റെ കുടുംബത്തെക്കുറിച്ചും തിരുവനന്തപുരത്തു സ്ഥിരതാമസമാക്കുവാനുള്ള

**കാരണങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ഞങ്ങളുമായി പങ്കുവയ്ക്കാമോ ?**

**ഉത്തരം :** എന്റെ വല്യപ്പച്ചൻ എം എം മാത്തു കോട്ടയം മള്ളൂത്ര കുടുംബാംഗമാണ്. അപ്പോയി ചേട്ടൻ എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. കച്ചവടത്തിനും കൃഷിക്കുമായി അദ്ദേഹം കോട്ടയത്തുനിന്നും മുണ്ടക്കയത്ത് പോയി താമസമാക്കി. അപ്പോയി ചേട്ടൻ എന്ന വല്യപ്പച്ചന് പത്തു മക്കളായിരുന്നു. അതിൽ ഏറ്റവും മൂത്ത മകനായിരുന്നു എന്റെ പിതാവ്. അദ്ദേഹം പഠിക്കാൻ മിടുക്കനായിരുന്നതിനാൽ കോട്ടയം സി എം എസ് കോളേജിൽ വിട്ടു പഠിപ്പിച്ചു. ഇന്റർമീ ഡിയറ്റ് ജയിച്ചു, തുടർന്ന് ക്രിസ്ത്യൻ കോളേജിൽ അയച്ചു. മിടു ക്കനായി അവിടെയും വിജയിച്ചു. അങ്ങനെ സർക്കാർ സർവീസിൽ ജോലി ലഭിച്ചു തിരുവനന്തപുരത്തു വന്നുചേർന്നു

എന്റെ അമ്മയുടെ പേര് മറിയാമ്മ എന്നാണ്. ഞങ്ങൾ രണ്ടാണും നാലു പെണ്ണും ആണ് മക്കൾ. സാലി, രാജൻ (വെരി റവ മാത്യു മാത്യു ), ആനി, മോഹൻ, ആയിഷ, റാണി. ഞാനും എന്റെ ഇളയ പെങ്ങൾ റാണിയും ഒഴികെ എല്ലാവരും മരിച്ചുപോയി. എന്റെ വിവാഹം 1954 മെയ് 27 നു തിരുവന്തപുരം ക്രൈസ്റ്റ് ചർച്ചിൽ വച്ച് നടന്നു. എലിസബത്ത് മാത്യു (അമ്മിണിക്കുട്ടി കൊച്ചമ്മ) ആണ് സഹധർമിണി. കർണാടകയിലെ കോലാറിലുള്ള സൗത്ത് ഇന്ത്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വേദ ശാസ്ത്ര പഠനം പൂർത്തിയാക്കിയിട്ടുള്ള കൊച്ചമ്മ രചിച്ച 'The Aroma" എന്ന പ്രതിദിന ധ്യാനപുസ്തകം ഏറെ ശ്രദ്ധയാകർഷിച്ച ഒന്നാണ്. ഞങ്ങൾക്ക് നാലു മക്കൾ സജീവ്, സന്തോഷ്, സിന്ധ്യ, സൽ മ.

**ചോദ്യം : അച്ചന്റെ വേദശാസ്ത്രപഠനം എവിടെയൊക്കെ ആയിരുന്നു?**

**ഉത്തരം :** പ്രാഥമിക വിദ്യാഭ്യാസവും ബി എ പഠനവും തിരുവനന്തപുരത്തു പൂർത്തിയാക്കിയതിനു ശേഷം അപ്പന്റെ നിർബന്ധ പ്രകാരം നിയമബിരുദ പഠനത്തിനായി തിരുവനന്തപുരം ലോ കോളേജിൽ ചേർന്നു. ഒരു കൊല്ലം പഠിച്ചു. നിയമത്തിൽ sympathy, magnanimity, benovolence ഇവയൊന്നും ഇല്ല. കർത്താവു പറഞ്ഞത് compassion ഉണ്ടാവണം എന്നാണ്. അത് നിയമപഠനത്തിൽ ഇല്ലാത്തതു മൂലം അത് തനിക്ക് പറ്റിയതല്ല എന്ന് മനസ്സിലാക്കി നിയമ പഠനം മതിയാക്കി പാലക്കാട് ക്രൈസ്തവാശ്രമത്തിൽ ചേർന്നു.

ബിഷപ് സി കെ ജേക്കബ് തിരുമേനി അന്ന് തിരുവനന്തപുരത്തു വികാരിയായിരുന്ന റവ. ടി ബി ബെഞ്ചമിൻ അച്ചനോട് എന്നെക്കുറിച്ചു അന്വേഷിക്കയും, ബെഞ്ചമിൻ അച്ചന്റെ ശുപാർശ പ്രകാരം വൈദിക പഠനത്തിനായി കൊൽക്കത്ത ബിഷപ്സ് കോളേജിലേക്ക് അയക്കുകയും ചെയ്തു. അവിടെ മൂന്ന് കൊല്ലം

പഠിച്ചു. പിന്നീട് 1964 ൽ അമേരിക്കയിൽ പോയി ഉപരിപഠനവും നടത്തി . 1953 ൽ ഒന്നാം പട്ടവും 1954 ൽ രണ്ടാം പട്ടവും ലഭിച്ചു .

**ചോദ്യം : ഏതൊക്കെ ഇടവകകളിൽ ആണ് അച്ചൻ സേവന മനുഷ്ഠിച്ചിട്ടുള്ളത്?**

**ഉത്തരം :** 1953 ൽ കൂട്ടിക്കൽ ഇടവകയിൽ ആണ് ശുശ്രൂഷ ആരംഭിച്ചത്. 1956 വരെ അവിടെ തുടർന്നു. പിന്നീട് 1958 വരെ മേലുകാവ്, 1958 മുതൽ 61 വരെ കൊല്ലം, 61 മുതൽ 64 വരെ കോടുകുളഞ്ഞി എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തു.1964 ൽ ഉപരിപഠനത്തിനായി അമേരിക്കയിലെ ആൻഡോവർ ന്യൂട്ടൻ സെമിനാരിയിൽ ചേർന്നു. 1965 ൽ അവിടെ നിന്നും എസ് ടി എം ബിരുദം നേടി. 65 മുതൽ 68 വരെ മദ്രാസിലും 68 മുതൽ 73 വരെ മല്ലപ്പള്ളിയിലും 73 മുതൽ 78 വരെ മാവേലിക്കരയിലും പ്രവർത്തിച്ചു. 1979 ൽ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിൽ വികാരിയായി 84 വരെ തുടർന്നു. 1984 മുതൽ 89 വരെ പള്ളം തുടർന്ന് 89 മുതൽ 91 വരെ തോലശ്ശേരി. 91 ൽ അവിടെവച്ചു വിരമിച്ചശേഷം കോട്ടയം മന്ദിരം ആശുപത്രിയുടെ ചാപ്ലെനായി 2002 വരെ പ്രവർത്തിച്ചു. 2002 ൽ തിരുവനന്തപുരത്തു മടങ്ങിയെത്തി അപ്പൻ പണിതു താമസിച്ചിരുന്ന വീട്ടിൽ സ്ഥിരതാമസമാക്കി. ഇപ്പോഴും അവിടെത്തന്നെ തുടരുന്നു.

**ചോദ്യം : ആംഗ്ലീക്കൻ യൂണിയനിൽ നിന്നും സി.എസ്.ഐ സഭയിലേക്കു മാറുന്ന ഒരു കാലഘട്ടത്തിലാണല്ലോ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിന്റെ വികാരിയായിരുന്നതു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ആ തീരുമാനത്തെ എങ്ങനെ കാണുന്നു? ഉചിതമായ തീരുമാനം എന്ന് തോന്നുന്നുണ്ടോ ?**

**ഉത്തരം :** അത് നന്നായി എന്നാണ് ഞാൻ കരുതുന്നത് . കാരണം നാം ഒരു കൊച്ചു സഭയായി നിൽക്കുന്നതിനേക്കാൾ നല്ലത് എല്ലാവരുമായി ചേർന്ന് പ്രവർത്തിക്കുന്നതുതന്നെയാണ്. മഹായിടവകയുടെ ഭാഗമായി നിൽക്കുന്നതുതന്നെയാണ് അഭികാമ്യം. ഒറ്റയ്ക്ക് നിൽക്കുന്നത് ഒരിക്കലും ഗുണം ചെയ്യില്ല.

**ചോദ്യം : പലപ്പോഴും അച്ചൻ പറയാറുണ്ട് , ഒരു ക്രിസ്ത്യാനിക്ക് അവശ്യം വേണ്ടത് ക്രിസ്തു കേന്ദ്രീകൃതമായ സമീപനമാണെന്ന് . ഒന്ന് വിശദീകരിക്കാമോ ?**

**ഉത്തരം :** ഞാൻ കൊൽക്കത്തയിൽ പഠിക്കുന്ന കാലത്തു അവിടെ ജേക്കബ് വർഗീസ് അച്ചനുണ്ട്, സി ജെ ദാസ് അച്ചനുണ്ട്, ആയിടക്ക് ജേക്കബ് തിരുമേനി അവിടെ വന്നു. തിരുമേനി ഞങ്ങളോട് പറഞ്ഞു  നമുക്ക് സെന്റ് പോൾസ് കത്രീഡറലിൽ പോകാമെന്ന്. ഞങ്ങൾ തിരുമേനിയോടൊപ്പം അവിടെ പോയി. അവിടത്തെ അച്ചൻ ഒരു സായിപ്പായിരുന്നു. പ്രസംഗം എല്ലാം കേട്ട് ഇറങ്ങിയപ്പോൾ ബിഷപ് പറഞ്ഞു ‘നിങ്ങൾ ശ്രദ്ധിച്ചോ , ആ പ്രസംഗത്തിൽ ഒരു വാക്കു പോലും ക്രിസ്തുവിനെക്കുറിച്ച്

പറഞ്ഞിട്ടില്ല. ക്രിസ്തുവിനെ കേന്ദ്രബിന്ദു ആക്കികൊണ്ടല്ലാതെ എന്ത് പ്രസംഗിച്ചിട്ടും പ്രയോജനമില്ല. അതെന്റെ മനസ്സിൽ നല്ല വണ്ണം പതിഞ്ഞു. എല്ലാം ക്രിസ്തു കേന്ദ്രീകൃതമായിരിക്കണം .

**ചോദ്യം : സഭ എന്നത് ഒരു ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ എന്ന വാദം നിലനിൽക്കുന്നതാണ് എന്ന് അച്ചൻ കരുതുന്നുണ്ടോ ?**

**ഉത്തരം :** ‘ഇൻസ്റ്റിറ്റ്യൂഷൻ എന്ന വാക്ക് ബൈബിളിൽ ഇല്ല. കർത്താവു പറഞ്ഞത് ഞാൻ എന്റെ സഭ പണിയും. ദൈവം പ്രവർത്തിച്ചു കൊണ്ടേ ഇരിക്കയാണ്. ചൈനയിലുണ്ട് സഭ, ഇരുപതുകോടി അംഗങ്ങളുണ്ട്. നാം വിചാരിക്കാത്ത രീതിയിൽ ദൈവം പ്രവർത്തിക്കുന്നു. His Church, His body. എന്റെ ശരീരമാണ് സഭ. മണവാട്ടിയാണ് സഭ. അത് ലോകം മുഴുവൻ വളർന്ന് കൊണ്ടേയിരിക്കും .

**ചോദ്യം : സഭകളുടെ ഐക്യം എന്ന ആശയം എത്രമാത്രം പ്രാധാന്യം അർഹിക്കുന്നതാണ് ?**

**ഉത്തരം :** സഭകൾ തമ്മിലുള്ള ഐക്യം വളരെ ആവശ്യമായ ഒന്നു തന്നെയാണ്. ഫിലിപ്പീയർ രണ്ടാം അധ്യായത്തിൽ പറയുന്നു ഏക ശരീരം, ഏക മനസ്സ്, ഏക ഹൃദയം, ഏക ആത്മാവ്, ഏകഭാവം, എല്ലാം ഒന്നായിരിക്കേണം. പലയിടത്തും തമ്മിൽ കേസും വഴക്കും, അടിയും തല്ലും. ഇതൊക്കെ ക്രിസ്തു യേശുവിന്റെ ആത്മാവിൽ ആണോ ചെയ്യുന്നത്? എല്ലാവരും ഒന്നിച്ചു നില്കേണ്ട വരല്ലേ ?

**ചോദ്യം : നമ്മുടെ സഭകളിലെ ഇത്തരം കലഹങ്ങളും, അനൈ ക്യങ്ങളുമാണോ പലപ്പോഴും യുവജനങ്ങളെ ന്യൂ ജനറേഷൻ സഭകളിലേക്കു പോകുവാൻ പ്രേരിപ്പിക്കുന്നത്?**

**ഉത്തരം :** ന്യൂ ജനറേഷൻ സഭകൾ ഊന്നൽ നല്കുന്നത് പരിശു ദ്ധാത്മാവ്, പരിശുദ്ധാത്മാവിൽ കൂടെയുള്ള അടയാളങ്ങൾ, അത്ഭുതങ്ങൾ മുതലായവയാണ്. ആദിമ സഭയിൽ ഇതൊക്കെ നടന്നിട്ടുണ്ട്. ഇന്നും പലയിടത്തും നടക്കുന്നുമുണ്ട്.അതിലേക്ക് ആകർഷിക്കപ്പെട്ടാണ് കൂടുതൽ പേരും പോകുന്നത്. അതിൽ യുവ ജനങ്ങൾ മാത്രമല്ല മുതിർന്നവരും ഉണ്ട്.

**ചോദ്യം : ശതായുഷ്മാനായ അച്ചന്റെ പേരിൽ ഒരു സ്തോത്ര പ്രാർഥന സംഘടിപ്പിക്കുവാൻ അവസരം ലഭിച്ചതിൽ അഭിമാനി ക്കുകയും സന്തോഷിക്കയും ചെയ്യുന്നവരാണ് ക്രൈസ്റ്റ് ചർച്ചിലെ സഭാജനങ്ങൾ. ക്രൈസ്റ്റ് ചർച്ചിനെക്കുറിച്ചുള്ള അങ്ങയുടെ ഏറ്റവും നല്ല ഓർമ്മകൾ ഞങ്ങളുമായി ഒന്ന് പങ്കുവയ്ക്കാമോ ?**

ഉത്തരം : ക്രൈസ്റ്റ് ചർച്ചിലുള്ള എല്ലാവരും എന്നെ വളരെ സ്നേ ഹിക്കുന്നു. ഞാനിവിടെ തന്നെ വളർന്നു വന്നു. എന്റെ സ്ഥിരീ കരണം ഇവിടെ ആയിരുന്നു. എന്റെ വിവാഹം ഇവിടെ ആയി രുന്നു. അതുകൊണ്ട് ക്രൈസ്റ്റ് ചർച്ച് വിട്ടു ഒരു പരിപാടിയും

എനിക്കില്ല എന്നുതന്നെ പറയാം. 95 വർഷമായി ഞാൻ തിരുവനന്തപുരത്താണെന്നു പറയാം, ഇടയ്ക്കു പഠനത്തിനത്തിനായി പോയതൊഴിച്ചാൽ. അത്കൊണ്ട്തന്നെ ഈ ദേവാലയം എനിക്ക് പ്രിയപ്പെട്ടതാകുന്നു.

**ചോദ്യം :** 165 വർഷത്തിലേറെയായി തിരുവനന്തപുരം നഗര മധ്യത്തിൽ ക്രൈസ്റ്റ് ചർച്ച് നിലകൊള്ളുന്നു. ഈ സഭക്ക് നഗര വാസികൾക്കായി പ്രവർത്തിക്കുന്ന, മാതൃകയാക്കാവുന്ന ഒരു ദേവാലയമായി മാറുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം : അതിനെപ്പറ്റി ഞാൻ ചിന്തിക്കുന്നതിങ്ങനെയാണ്. ഒരു കെട്ടിടമോ, പള്ളിയോ ഒന്നും ആർക്കും മാതൃകയാവുന്നില്ല. Only individuals. ഇന്ന ആൾ മുഖാന്തിരം എന്നല്ലാതെ ഒന്നും തന്നെ കാണുവാൻ കഴിയില്ല. ഈ പള്ളിയിൽപ്പെട്ട ഒരാളാണ് ആ മനുഷ്യൻ, ആ ആൾ ആണ് എന്നെ ആകർഷിച്ചത് ആ രീതിയിലാവാം ജനങ്ങൾ ചിന്തിക്കുക. സഭയല്ല വ്യക്തികൾ ആണ് മാതൃകയാവേണ്ടത്.

**ചോദ്യം :** ക്രൈസ്തവർക്കെതിരെ ഉള്ള അതിക്രമങ്ങൾ അനുദിനം വർധിച്ചുവരുന്നു. ഇത്തരം ആസൂത്രിത ആക്രമങ്ങളെ എങ്ങനെ പ്രതിരോധിക്കാനാകും ?

**ഉത്തരം :** യേശുക്രിസ്തു പറഞ്ഞുതന്ന വഴിയല്ലാതെ വേറെ വഴിയില്ല. വേറെ വഴികൾ ആര് പറഞ്ഞാലും സ്വീകരിക്കാൻ സാധിക്കില്ല. ഇടത്തെ ചെകിടത്തടിച്ചാൽ വലത്തെതും കാണിച്ചു കൊടുക്കുക. അങ്ങനയെ ജയിക്കുവാൻ സാധിക്കുകയുള്ളു. അവർ കഠാര എടുക്കുമ്പോൾ നാമും കഠാര എടുക്കാൻ പാടില്ല . യേശുക്രിസ്തു പറഞ്ഞത് : ശത്രുവിനെ സ്നേഹിക്കുക, അവനു വേണ്ടി പ്രാർത്ഥിക്കുക, അവനെ അനുഗ്രഹിക്കുക, അതല്ലാതെ മറ്റൊരു മാർഗമില്ല. Be a true Christian. അതേയുള്ളു മാർഗം. ക്രിസ്തുമാർഗമല്ലാതെ മറ്റൊന്നില്ല. തിരുവനന്തപുരത്തായാലും, ലക്നൗവിലായാലും, ഡൽഹിയിൽ ആയാലും എല്ലാം ഒരേ മാർഗം. ക്രിസ്തുവിന്റെ വഴി മാത്രം. തന്നെത്താൻ ത്യജിച്ച് നാൾ തോറും ക്രൂശെടുത്ത് എന്റെ പിന്നാലെ വരാൻ കഴിയണം. ഇവിടെ എല്ലാം കുഴപ്പം self crucified ആകുന്നില്ല. എനിക്ക് പേര്, പെരുമ, സമ്മാനം ഇതാണ് ചിന്ത. അത് നല്ലതല്ല. ക്രിസ്തുവിനു മഹത്വം ഉണ്ടാകില്ല. 1 കൊരിന്ത്യർ 10:31 നിങ്ങൾ തിന്നാലും കുടിച്ചാലും എന്ത് ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ. സ്ഥാനം, മാനം, മഹത്വം, ലാഭം, ആദായം, ഒന്നും പ്രതീക്ഷിക്കരുത്. കർത്താവിനു മഹത്വം ഉണ്ടാകണം എന്ന് മാത്രം ചിന്തിക്കുക. സാധു സുന്ദർ സിങ്, പോൾ സുധാകർ ഒക്കെ അങ്ങനെ ഉള്ള ആളുകൾ ആയിരുന്നു.

**ചോദ്യം: അച്ചൻ ധാരാളം വായിക്കുകയും എഴുതുകയും ചെയ്യുന്ന ആളാണെന്നറിയാം. ഏറെ ഇഷ്ടപ്പെട്ട പുസ്തകത്തെക്കുറിച്ചു പറയാമോ ?**

**ഉത്തരം :** John Stott ന്റെ 'Cross of Christ', ക്രിസ്തുവിന്റെ കുരിശ് വളരെ നല്ല പുസ്തകമാണ്. ഭക്തനും നീതിമാനുമായ മനുഷ്യനാണ് John Stott.

**ചോദ്യം : അച്ചൻ എഴുതിയ പുസ്തകങ്ങളെക്കുറിച്ച് പറയാമോ?**
**ഉത്തരം :** ക്രിസ്തുവിന്റെ അപ്രമേയ ധനം, ക്രിസ്തുവിന്റെ സൗരഭ്യവാസന,എന്നീ പുസ്തകങ്ങൾ. പിന്നെ തോമസ് സാമുവൽ തിരുമേനി നമ്മുടെ സ്ത്രീജനസഖ്യത്തിനായി ഒരു പുസ്തകം എഴുതാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എഴുതിയതാണ് കൃപയുടെ മഹത്വവും വിശ്വാസത്തിന്റെ ശക്തിയും .

**ചോദ്യം : ഈ അവസരത്തിൽ ക്രൈസ്റ്റ് ചർച്ച് സഭയോടുള്ള അങ്ങയുടെ ആഹ്വാനം എന്താണ് ?**

**ഉത്തരം :** ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കുക എന്ന് മാത്രമാണ് എനിക്ക് ആവശ്യപ്പെടുവാനുള്ളത്. മറ്റൊന്നുമില്ല.

നൂറു വയസ്സിന്റെ നിറവിലും വളരെ ഉന്മേഷവാനും ഊർജ്ജസ്വലനായും ഇരുന്നുകൊണ്ട് ഈ അഭിമുഖം നൽകുവാൻ തയ്യാറായ പ്രിയപ്പെട്ട മാത്യു മാത്യു അച്ചന് ക്രൈസ്റ്റ് ചർച്ച് കുടുംബത്തിന്റെ ആശംസകൾ നേരുന്നു.

അഭിമുഖം: ബിജു മാത്യു

ID B-028

## Christ Church Youth Movement Bagged Overall First Position in Adoor district Kalamela & Mr. Asquith Oommen Alex won the title of Kalaprathiba






# ORGANISATION CORNER



Christ Church Choir in Harvest TV on 25th December 2024

## Charity by Tidings





## PSALM 39

Rev. Bino Jacob

According to Psalm 39, David tried to keep quiet throughout a hardship so as not to insult believers or provide unbelievers with justification (vv.1-3, 9). Although David does not appear to be very sick in this psalm, he has had a "stroke" from the Lord as a result of his transgressions (vv. 9-11). Additionally, the age-old issue of the wicked's wealth is there (v. 1). It seems that the wicked were defaming God and criticizing David during his ordeal, and the king was extremely worried that he would bring disgrace to the Lord's name.

**A Burning Heart (vv. 1-3)**

David was so angered by the wicked's wealth and their blasphemous remarks that he wanted to strike back and defend God, but he decided it would be best to remain silent. However, this restraint only made his heart burn so much that he had to speak up at last. David remained silent for as long as he could, without even saying anything good. There is "a time to keep silence, and a time to speak" (Eccl. 3:7), and wise is the person who knows the difference. David did not argue with God (v. 9) or with those who reproached him, but he did pray to the Lord.

**A Burdened Heart (vv. 4-6)**

When we find ourselves suppressing our actual emotions and causing ourselves mental and bodily suffering, it's time to talk to the Lord and ask for His assistance. David understood that life was brief and that time would fly by; he also understood that he was weak and would eventually pass away. His age was little in God's eyes, and he started to measure his days, realizing that they were only few handbreadths wide. The line "Surely, everyone stands as a mere breath" (v. 5) seems to be taken from Ecclesiastes by Solomon, the son of David, and he reiterated it in verse 11. The Hebrew word translated "vanity" means "a breath, emptiness". Vanity is "what's left after you break a soap bubble." In verse 6, he likened life to an empty show where shadow people hustle around in an attempt to become wealthy. For what purpose are you busy? For what purpose is a person wealthy? Solomon brought up the same issues years later (Eccl. 2:18–19), and Jesus reiterated the same point in Luke 12:16–21. If you look around you and assess the depth of life, you are horrified; if you

measure the duration of life, you might get depressed. Life is quick, brief, and pointless for the majority of people. In modern language, people are living for the image and not the reality.

**A Believing Heart (v. 7)**

This is the pivotal point in David's experience and the main verse of the psalm. "What am I waiting for if life is so short and passes by so quickly?" David says. Since the Lord is the source of everything genuine and enduring, let me offer myself to him if the world is nothing more than a shadow picture. How we live is more important than how long we live. Life is evaluated based on whether we have enduring values rather than our level of financial prosperity. Do we live with the values of eternity in mind? David went from paralysis to action and from hopeless ness to hope by turning to the Lord in confidence.

**A Broken Heart (vv. 8-13)**

We begin by listening to David the sinner's request for pardon (vv. 8–9). The specific sins that caused this strike from the Lord are unknown to us. When we confess, we are aware that God hears the cries of the brokenhearted (51:17) and extends forgiveness (1 John 1:9). David was particularly careful not to allow "the foolish" to make fun of his faith. The victim, David, begged God to take away the stroke and restore his health. He used three images to get his point across: a plague or sickness, draining away his life; the blow of God's hand, like a loving parent disciplining a child; the rebuke of His Word, which cut deeply into David's heart. C. S. Lewis was correct when he wrote in The Problem of Pain, "God whispers to us in our pleasures, speaks in our conscience, but shouts in our pains: it is His megaphone to arouse a deaf world."

Last but not least, David the traveler asks God to guide him as he navigates the pleasures and hardships of life. Jesus told His disciples, "In the world you face persecution. But take courage; I have conquered the world!" (John 16:33). In his final prayer, he asked God to remove God's frowning face, and grant him the strength to bear life's responsibilities and difficulties, and eventually allow him to enter eternity. The phrase "no more" doesn't suggest annihilation or the absence of an afterlife, but that David would "no more" be on his earthly pilgrimage. As we approach a new year with new hopes and aspirations, let us with a believing and broken heart give God the control of our life, as we navigate through the hardships and surprises that the new year gives us, for God has conquered the world; God has known our future.

# അനുഭവസാക്ഷ്യം



## കൃപയുടെ തണലിൽ

നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല, ഓരോ നാളും ദൈവം എന്നെ പോറ്റുന്നു നല്ല നല്ല നിമിഷങ്ങൾ ഓരോ ദിനവും തന്നുകൊണ്ടിരിക്കുന്ന കരുണാമയനായ ദൈവത്തിന് ഒരാ യിരം സ്തോത്രം അർപ്പിക്കുന്നു.

2021 ജനുവരി മാസം ഒട്ടും പ്രതീക്ഷിക്കാതെ ഞങ്ങളുടെ കുടുംബത്തിലേക്ക് വിളിക്കാതെ കടന്നുവന്ന അതിഥിയാണ് ക്യാൻസർ. അമൃത ഹോസ്പിറ്റലിൽ ഞെടുക്കത്തോടെ ഡോ. വെസ്‌ലിയുടെ മുൻപിൽ ഇരിക്കുമ്പോൾ അടുത്ത നിമിഷം ഞങ്ങൾ എന്തു ചെയ്യും എന്നറിയാതെ രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. ഞങ്ങളുടെ മക്കൾ, അവരോട് എങ്ങനെ ഈ കാര്യങ്ങൾ പറയും അന്ന് കുക്കുമോൾ മൂന്നാം ക്ലാസിൽ ആയിരുന്നു. അവളെ ബോധ്യപ്പെടുത്തുന്നത് എങ്ങനെ എന്ന ചോദ്യം മറുപടിയില്ലാതെ മനസ്സിൽ നിറഞ്ഞു നിന്നു.

ഡോ. വെസ്‌ലി രോഗത്തിന്റെ സ്ഥിതിയും ഗൗരവവും ചികിത്സാ ചെലവ് ഉൾപ്പെടയുള്ള വളരെ വ്യക്തമായി ഞങ്ങളോട് പറഞ്ഞു മനസ്സിലാക്കി തന്നു വളരെ അഗ്രസീവ് ടൈപ്പിലുള്ള ക്യാൻസർ ആണെന്നും ഇരുന്നെഴുന്നേൽക്കുന്നത് പോലെ വളരെ വേഗം വളരുന്ന ക്യാൻസർ ആയതുകൊണ്ട് തന്നെ എത്രയും വേഗം കീമോ തെറാപ്പി ആരംഭിക്കണമെന്നും പറഞ്ഞു. സാധ്യമായാൽ ഇന്നുതന്നെ കീമോ സ്റ്റാർട്ട് ചെയ്യാം എന്നും അദ്ദേഹം പറഞ്ഞു. ഡോ. വെസ്‌ലി യുടെ തന്നെ വിദ്യാർത്ഥിയായ പരുമല ഹോസ്പിറ്റലിലെ ഡോക്ടർ മാത്യു ജോസിനെ വിളിച്ചു ഞങ്ങളുടെ കാര്യം പറയുകയും പിറ്റേദിവസം മുതൽ കീമോ ആരംഭിക്കുവാനുള്ള ക്രമീകരണവും ചെയ്തു.

പിന്നീടങ്ങോട്ട് ശാന്തനായ ദൈവവിശ്വാസിയായ ഡോക്ടർ മാത്യു ജോസിന്റെ കീഴിൽ നിരന്തരമായ ചികിത്സ എടുത്തു കൊണ്ടിരുന്നു. ഇതിനിടയിൽ വെല്ലൂരിലെ സീനിയർ ഓങ്കോളജിസ്റ്റിനെ അച്ചൻ മെഡിക്കൽ റിപ്പോർട്ടുമായി പോയി നേരിട്ട് കണ്ടു. ആ ഡോക്ടർ അച്ചനോട് ചോദിച്ചത് ഞാൻ കട്ടിലിൽ എഴുന്നേറ്റ് ഇരുന്ന് ഭക്ഷണം സ്വന്തമായിട്ടെങ്കിലും കഴിക്കാൻ പറ്റുന്നുണ്ടോ എന്നാണ്. സ്തോത്ര

ത്തോടെ അച്ചൻ പറഞ്ഞു ഡോക്ടറെ എന്റെ ഭാര്യ തന്നെയാണ് വീട്ടിലെ ജോലി എല്ലാം ചെയ്യുന്നത് എന്ന്. അന്നുമുതൽ ഈ നിമിഷം വരെ ബലത്തോടെ ദൈവം എന്നെ നടത്തുന്നു. ദിനംതോറും ദൈവീക കൃപ ധാരാളമായിട്ട് ഞങ്ങൾ കുടുംബമായി അനുഭവിക്കുന്നു. ഫെബ്രുവരിയിൽ കീമോ തുടങ്ങി എല്ലാ വെള്ളിയാഴ്ചകളിലും കീമോ എടുക്കുവാൻ ആരാധനയ്ക്ക് ശേഷം അച്ചൻ വരും. രാവിലെ 9:30 ക്ക് ചെന്നാൽ കീമോ വാർഡിൽ വൈകുന്നേരം വരെ മരുന്ന് എടുത്ത് കിടക്കണം. യാതൊരു തടസ്സവും ഉണ്ടാകാതെ 18 കീമോയും 10 റേഡിയേഷനും എടുക്കുവാൻ ദൈവം സഹായിച്ചു. കീമോ എടുക്കുവാൻ തുടങ്ങിയ സമയത്ത് ഡോക്ടർ കർശനമായി പറഞ്ഞിരുന്നു പനി ഒന്നും വരുത്തരുതെന്ന്. വന്നാൽ കീമോ മുടങ്ങും കൊറോണ കാലഘട്ടം ആയിരുന്നതുകൊണ്ട് ഓരോ ആഴ്ചയിലും കീമോ എടുക്കാൻ ചെല്ലുമ്പോൾ രക്തപരിശോധനയ്ക്കൊപ്പം കൊറോണ ഉണ്ടോ എന്ന് പരിശോധിച്ചു ഇല്ല എന്ന് ഉറപ്പുവരുത്തിയിട്ട് കീമോ തുടങ്ങുവാൻ സമ്മതിക്കുകയുള്ളൂ. കൃപാലുവാം ദൈവം യാതൊരു പീഡയും വരുത്താതെ രക്തത്തിന്റെ കൗണ്ട് ഒരിക്കൽപോലും കുറയാതെ എന്നെ സംരക്ഷിച്ച് ചികിത്സ കഴിയുവോളം കരുത്തിപരിപാലിച്ചു.

വാസ്തവത്തിൽ നമ്മുടെയെല്ലാം ജീവിതത്തിൽ സ്വന്തമായി രോഗമോ പ്രയാസമോ വേർപാടിന്റെ ദുഃഖമോ അനുഭവിക്കാതെ മറ്റുള്ളവർ കടന്നുപോകുന്ന അവസ്ഥയെന്തെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കില്ല. ഹോസ്പിറ്റലിൽ ഒരു വർഷത്തോളം നീണ്ട ട്രീറ്റ്മെന്റുകൾ പിന്നീടങ്ങോട്ട് ഓരോ ആറുമാസം കൂടുമ്പോൾ PET SCAN എടുക്കുന്നതിന്റെ ശാരീരിക ബുദ്ധിമുട്ടുകൾ. രണ്ടാമത്തെ കീമോ കഴിഞ്ഞപ്പോൾ തന്നെ മുടി കൊഴിഞ്ഞു തുടങ്ങി, പുരികം എല്ലാം പോയി, ശരീരം ഇരുളുവാൻ തുടങ്ങി. ഞാൻ കരയുന്നത് കണ്ടാൽ എന്റെ മക്കൾക്ക് ഒരുപാട് വേദന ഉണ്ടാകും അതുകൊണ്ട് എപ്പോഴും കുളിക്കുവാൻ കയറുമ്പോൾ പൈപ്പ് തുറന്നിട്ട് പൊട്ടിക്കരയും. അപ്പോൾ മനസ്സിന് വല്ലാത്ത ഒരു ആശ്വാസം ലഭിക്കും.

അങ്ങനെ വേദനയുടെ നാളുകൾ കടന്നുപോയി ഞങ്ങളുടെ വീട്ടിലെ ചിരിയും സന്തോഷവും ഒക്കെ പെട്ടെന്ന് ഇല്ലാതെയായത് എനിക്ക് ഒട്ടും സഹിക്കുവാൻ പറ്റില്ലായിരുന്നു. എപ്പോഴും വീട്ടിൽ നിശബ്ദത. കീമോ കാലഘട്ടത്തിലെ അതിഭീകരമായ വേദനയുടെ നാളുകളിൽ എന്റെ അച്ചാച്ചനും മക്കളും എന്നെ മുറുകെ ചേർത്ത്

പിടിച്ചു. ഞാൻ വേദനയാണെന്ന് പറഞ്ഞാൽ എല്ലാവർക്കും വിഷമമാകും എന്നറിയാവുന്നതുകൊണ്ട് അതിവേദനയിലും അവരോടൊപ്പം സന്തോഷമായിരിക്കാൻ കഴിവതും ശ്രമിച്ചു. അസുഖം അറിഞ്ഞ നിമിഷം മുതൽ എന്റെ തോലശ്ശേരി സഭയിലെ സ്നേഹമുള്ള കുറെ സഹോദരിമാരും അമ്മമാരും പ്രാർത്ഥനയോടെ എന്റെ കുടുംബത്തെ സ്വന്തം കുടുംബം പോലെ കരുതി സ്നേഹിച്ചു ചേർത്തുനിർത്തി. മക്കൾ സ്കൂളിൽ പോകുന്ന സമയം അപ്പോഴൊന്നും യാതൊരു ബുദ്ധിമുട്ടും ഞങ്ങളുടെ ഭവനത്തിൽ ഒരിക്കൽ പോലും ഉണ്ടായിട്ടില്ല അത്രമാത്രം കരുതൽ ഞങ്ങൾക്ക് തോലശ്ശേരിയിലെ പ്രിയപ്പെട്ടവരിൽ നിന്ന് ലഭിച്ചു. ദൈവത്തെ രുചിച്ചറിഞ്ഞ മൂന്ന് വർഷക്കാലം ഒരിക്കലും മറക്കാൻ പറ്റാത്ത ദിനങ്ങൾ. നിത്യതയിലേക്കു പ്രവേശിച്ച ഡോ.റോയ് വർഗീസിനെയും നീന ആന്റിയെയും മറക്കാനാവില്ല. അത് ദൈവീക സ്നേഹത്തിന്റെയും കരുതലിന്റെയും ഒരു വലിയ കഥയാണ് ..

ക്യാൻസർ എന്ന രോഗം ഒരുപാട് മാറ്റങ്ങൾ എന്നിലുണ്ടാക്കി. ചേർത്ത് പിടിക്കേണ്ട മനസ്സുകളെ കണ്ടെത്തി തന്നു. കൂടെപ്പിറപ്പുകളെ കൂടെ പിറക്കാതെ പോയ സൗഹൃദങ്ങളെ പ്രാർത്ഥനയോടെ വലംകൈ തന്ന എന്റെ എല്ലാ പ്രിയപ്പെട്ട സഹോദരങ്ങളോടും, പിന്നെ ഇത്രയും പ്രയാസങ്ങളിൽ കൂടി കടന്നു പോയിട്ടും ജീവിതം ആകെ തകിടം മറിഞ്ഞപ്പോഴും യാതൊരു കുലുക്കവും കൂടാതെ അന്നും ഇന്നും പ്രാർത്ഥനയോടെ, അടിയുറച്ച വിശ്വാസത്തോടെ എല്ലാ വേദനകളും ഉള്ളിൽ ഒതുക്കി, എപ്പോഴും ചിരിച്ചു പോസിറ്റീവായി എന്നോടൊപ്പം കൂടെ നിന്ന് എന്റെ നല്ല പാതിയോടും.. ഇതെല്ലാം കണ്ടും അറിഞ്ഞു വേദനയോടെ ഈ സാഹചര്യങ്ങളുടെ മധ്യത്തിലും പഠിച്ച് കോളേജിലും സ്കൂളിലും ഏറ്റവും കൂടിയ മാർക്ക് വാങ്ങി ജയിച്ച ഞങ്ങളുടെ മൂന്ന് പൊന്നുമക്കൾ. ഈ മഹാവ്യാധി തീർച്ചയായും ഒരുപാട് കാര്യങ്ങൾ ഈ ജീവിത യാത്രയിൽ എന്നെ പഠിപ്പിച്ചു തന്നു.

എല്ലാവരെയും മനസ്സിലാക്കുവാൻ ആരാണ് യഥാർത്ഥ സുഹൃത്ത് എന്ന് മനസ്സിലാക്കി തന്ന നല്ല ദിനങ്ങൾ. ഈ ലോകമെമ്പാടുമുള്ള അനേകം പേരുടെ പ്രാർത്ഥനയുടെ ഫലമാണ് ഇന്ന് നിങ്ങളോ ടൊപ്പം എന്റെ കുടുംബത്തോടൊപ്പം ഈ ഭൂമിയിൽ സന്തോഷ മായി ജീവിക്കുവാൻ എനിക്ക് സാധിക്കുന്നത്. കരുതലിന്റെ കരു ത്തിൽ മറ്റൊരു ക്രിസ്മസിന്റെ നല്ല സന്തോഷ നാളുകളിലൂടെ കടന്നു പോകുവാൻ ദൈവം സഹായിച്ചു. ഇത്രത്തോളം നടത്തിയ ദൈവ ത്തിന് ഒരായിരം നന്ദി.

യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു ഞാൻ നിന്റെ പ്രാർത്ഥന കേട്ടു, നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്നെ സൗഖ്യമാക്കും. മൂന്നാം ദിവസം നീ യഹോവയുടെ ആലയത്തിൽ പോകും. ഞാൻ നിന്റെ ആയുസ്സിനോട് 15 സംവത്സരം കൂട്ടും (2 രാജാക്കന്മാർ 20: 5,6). യെശയ്യാ പ്രവാചകന് യഹോവയുടെ അരുളപ്പാട് ഉണ്ടായിട്ട് ഹിസ്കിയ രാജാവിനോട് വന്ന് പറഞ്ഞ വാക്യം ഞാനും എന്റെ ജീവിതത്തിൽ ഏറ്റെടുത്ത് വിശ്വാസത്തോടും കണ്ണുനീരോടും പ്രാർത്ഥിക്കുന്നു. എന്റെ അപ്പൻ എനിക്ക് പൂർണസൗഖ്യം തരും. എന്റെ ദൈവത്താൽ കഴിയാത്തതായിട്ട് ഒന്നുമില്ല. അസാധ്യതകളെ സാധ്യമാക്കുന്ന ദൈവമാണ് നമുക്കുള്ളത്. വേദനകൾ തന്ന ദൈവത്തിനു സ്തോത്രം. വേദനകളാണല്ലോ എന്റെ ദൈവത്തിന്റെ വലിയ കൃപകൾ ഈ നാടുകളിൽ മനസ്സിലാക്കുവാൻ സാധിച്ചത്. തിരുകൃപ ഒന്ന് മാത്രമാണ് ഇന്നത്തെ എന്റെ നിലനിൽപ്പിന് ആധാരം. ദൈവം നമ്മോടൊപ്പം ഉണ്ടെങ്കിൽ എത്ര കഠിന വേദനയും സഹിക്കുവാനും ധൈര്യത്തോടെ നേരിടുവാനും സാധിക്കും. എന്റെ കൃപ നിനക്കു മതി എന്നുള്ള തിരുവചനം നമ്മെ ദിനംതോറും ശക്തിപ്പെടുത്തുന്നു. ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് എന്നുള്ള ശബ്ദം കേട്ട് ധൈര്യത്തോടെ തുടർന്നും ജീവിക്കാനുള്ള കൃപ തരണേ എന്ന് മാത്രമാണ് പ്രാർത്ഥന. ഏതൊരു രോഗിക്കും വേണ്ടത് രോഗം മാറും എന്നുള്ള ആത്മവിശ്വാസമാണ്, ഒപ്പം ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും. ദോഷമായിട്ടൊന്നും ദൈവം ചെയ്യില്ല എന്നുള്ള ഉത്തമ ബോധ്യം ഒരു ദൈവ പൈതലിന് അത്യാവശ്യമാണ്. എല്ലാം നന്മയ്ക്കായി സ്വർഗ്ഗ നാഥൻ ചെയ്തിടുന്നു, നിർണയമായ വിളി കേട്ടവർക്കും ദൈവത്തിന് സ്നേഹം അറിഞ്ഞവർക്കും.

വീണ്ടും ഞാൻ എന്നെ ദൈവകരങ്ങളിൽ പൂർണമായും സമർപ്പിക്കുകയാണ്. ദാവീദ് പുത്രാ കരുണയുണ്ടാകണമേ എന്നുള്ള പ്രാർത്ഥനയോടെ പരാതികൾ ഇല്ലാതെ സ്തോത്രത്തോടെ ദൈവം തരുന്ന ആയുസ്സ് ജീവിച്ചു തീർക്കുവാൻ സഹായിക്കണമേ എന്ന് മാത്രമാണ് എന്റെ പ്രാർത്ഥന. തുടർന്നും എല്ലാവരുടെയും പ്രാർത്ഥന ഞങ്ങളുടെ കുടുംബത്തിന് ആവശ്യമാണ്. ദൈവം ആയുസ്സോടെ ആരോഗ്യത്തോടെ പുതുവർഷവും പുതുശക്തിയാൽ ജീവിക്കുവാൻ കൃപ തരട്ടെ എന്ന് പ്രത്യാശിക്കുന്നു പ്രാർത്ഥിക്കുന്നു.

**സ്വീറ്റി അലക്സ്**

13th Death Anniversary

05-01-2025

*In Loving Memory of*



# Aleyamma Mathew

**Perakathuseril**

**Paruthippara (ID M065, Page 25)**

**Remembered by**

Babu, Geetha, Anisha, Anupa

Moly, Abu, Manu, Anu

# *Third Death Anniversary*

"I have fought the good fight, I have finished the race,
I have kept the faith." 2 Timothy 4:7

## *In Loving Memory of*



# Annie Titus (Sophy)

**09-07-1954 to 29-01-2022**

Anthariath, Vazhuthacaud, Trivandrum

*Memories of you will never fade from our heart*

**Fondly Remembered by**

Titus Mathew
Aswin Mathew Titus, Ajinu Joseph
Ann Mariam Aswin & Family Members

*In Loving Memory of*




# BIJOY ISAAC

**September 06, 1946 - January 26, 2021**

*Forever young, forever in our hearts.*
*Sadly missed, lovingly remembered by*

Sarasu
Tameen, Vinay, Rohan, Siddarth
Zareen, Tony, Dev, Jai

# 'IT IS WELL WITH MY SOUL' HORATIO GATES SPAFFORD



From one man's insurmountable tragedy, has evolved a beautiful hymn, which originated from a deep sense of unwavering faith in an ever-present Almighty God. It has provided immense comfort and succour to many who have encountered great sorrows and tragedies in life.

The famous hymn titled 'It is well with my soul' also well known under the title 'When peace like a river' was written in 1873. It was the only hymn written by Horatio Gates Spafford. It was initially a 'poem', set to music by the composer Philip Bliss in 1876, and later published by Ira Sankey. It was first sung as a hymn during the D.L. Moody conventions.

**The Early Years:**

Horatio G Spafford was born on the 20th of October 1828 in Troy, New York State, USA. He was a very influential lawyer and real estate investor, who also had other businesses. He was a well-known Presbyterian and a devout lay leader of the church.

He married Anna Larsen of Stavanger, Norway on 5th September 1861. They were initially blessed with four daughters – Annie, Maggie, Bessie, and Tanetta. Life was good for them till tragedy struck the family one by one. The first was the Great Chicago fire of 1871, when Spafford lost all his real estate property investments in Chicago, Michigan State, USA. This ruined him financially. Thereafter his business interests were hit very severely by the economic crisis of 1873.

**The Biggest Tragedy of Horatio G Spafford's Life:**

It is said that in order to overcome the ill effects of the misfortunes that he had faced, Spafford and his wife Anna and

their four daughters decided to go on a vacation to England. Spafford was totally unaware of the future predicaments that he and his family would be facing.

There were no international flights in those days and inter-continental travel had to be undertaken by large 'steam ships' which were fitted with two or three funnels. The steam ship which the Spaffords chose was a French ship named SS Ville du Havre. Due to Chicago city Zoning issues, Spafford had to stay back and he sent his wife Anna and their children to England on the SS Ville du Havre.

While the SS Ville du Havre was crossing the Atlantic Ocean on 22nd November 1873, tragedy struck the vessel, when it was hit by the sailing ship Loch Ern that operated with sails. The SS Ville du Havre ship sank rapidly. It has been reported that over 220 passengers and crew members perished in this tragedy. Sadly, Spafford's four daughters were also amoung them.

Anna Spafford managed to survive by clinging on to some logs of the ship which were floating in the ocean. Totally bewildered and in a an utterly perturbed state of mind, Anna wondered why a loving and caring God whom she trusted was punishing her in such a cruel manner. She felt alone, forsaken and completely abandoned by God.

However, Anna held on with a sense of hope and was finally rescued and landed in Southampton, in the south of England after being at sea for 9 days. On reaching Southampton, Anna sent the famous telegram “saved alone …… ‘’ to Horatio Spafford in New York.

On receiving the telegram, Horatio Spafford was completely shattered and immediately set sail for England. While the ship was crossing the Atlantic Ocean, the captain of the ship, who knew about the sinking of the SS Ville du Havre, called Horatio Spafford and pointed out to him the exact place where the Ville du Havre had sunk when Horatio Spafford lost all his four daughters.

Horatio Spafford, a firm believer and devout Christian was so overwhelmed with grief; it is said that he immediately rushed to his cabin (room below the deck) and put pen to paper and wrote the poem – 'It is well with my soul'.

On reaching Southampton he joined his grieving wife and a few days later, they decided to get back to New York. Back home, during their period of grief, many relatives and friends constantly visited them. One such person was Philip Bliss, a songwriter and composer. Philip was so moved by Spafford's poem; he composed the music for the poem of Horatio Spafford and we now have the famous hymn 'It is well with my soul'.

**Later Years of the Spafford family:**

As the years passed by, the Spaffords had three more children --- two daughters and a son.

It is unbelievable that the Spaffords had to confront yet another tragic blow.

On 11th February 1880 their son Horatio died of scarlet fever at the age of four (!)

Later in August 1881, Horatio Spafford, his wife Anna and their two daughters left America and settled down in Jerusalem, where they established the American Colony. They now devoted their time to undertake charitable activities:

(I). Running a Supper kitchen

(ii). Establishing and running a nursing corps

(iii). Founding a baby nursing home

Once again, the Pafford family had to confront another tragic blow, when on 25th September 1888, Horatio Gates Spafford succumbed to malaria at the age of 59 years.

Yes, no one can say that it is well in all aspects of our lives. In life there will always be unexpected storms to face and tragedies to overcome. Only by our abiding faith in a loving God and trusting in His comforting presence, can we really say 'It is well with my soul'.

**Mohan Abraham Chandy and Sara Chandy**

(M-100)

# The Golden Years: A gift from God

How old are you? Children are very happy to answer this question. Young people may not, as it will attract further questions about their life like job, marriage, if not married then WHY; the questions are endless. Older men also take some pride in revealing their age. Women ? Let me be silent !

Does age really matter? I think after 60 it doesn’t matter, you are branded as óld’ or more politely put ‘senior citizen’. I never felt I was old when I was sixty and still working in South Africa, until I read the Malayala Manorama online news about an accident in which a man died. The headline was ‘vridhan carapakadathil marichu’ and it continued to say he was 60 years old. Then it dawned on me that in our society I am indeed  an old man’

Old age is a natural part of life, a stage that brings its own set of challenges and opportunities. As people live longer and healthier lives, the concept of old age is evolving, and it's essential to rethink our perceptions and attitudes towards this stage of life.

**The Physical, Emotional and Spiritual Changes of Old Age**

As we age, our bodies undergo significant changes. Our physical strength, flexibility, and endurance may decline, making everyday tasks more challenging. Emotionally, old age can bring feelings of loneliness, isolation, and disconnection.. However, many older adults also experience a sense of contentment, wisdom, and life satisfaction. Spiritually we grow more mature, accepting God’s infinite mercies and expressing our gratitude naturally and without inhibition or restraint.

**The Opportunities of Old Age**

While old age presents challenges, it also offers opportunities for growth, learning, and contribution. Many older

adults continue to work, volunteer, and engage in activities that bring them joy and fulfillment. The Bible tell us of great characters like Abraham and Moses and how God used them in their old age to accomplish His master plan to establish a great nation or liberate millions from their bondage and make them as chosen people of God. The Bible clearly teaches us that age is never an issue with God. When He calls us to do something, all He looks for is availability and implicit obedience, not excuses about our age. So it is important to feel young and stay young before any responsibility or challenge.

Older adults can also share their wisdom, experience, and knowledge with younger generations, playing a vital role in preserving family and cultural heritage. Technology has also made it easier for older adults to stay connected with loved ones, access information, and engage in online communities.

**Our Attitude Towards Old Age**

Our society often perpetuates negative stereotypes about old age, portraying it as a time of decline, dependence, and irrelevance. However, this narrative is not only inaccurate but also damaging. Look at the great leaders of our country or the world today. The majority of them are old yet they carry the great responsibility of leading their countries. The Bible says ‘wisdom comes with age’ (Job 32:7) and it is a gift from above. We can also recognize the valuable contributions that older adults make to our Church, communities and society as a whole.

To conclude, it is important to understand that Old age is a natural part of life, bringing its own set of challenges and oppor tunities. By rethinking our attitudes and perceptions, we can promote healthy aging, social connection, and intergenerational understanding. As we age, we can continue to grow in faith and share our wisdom, making the most of our golden years.

**George Ninan**
**ID: G-058**


# വാർഷിക കൺവൻഷൻ

2025 ജനുവരി 10 11 12

വെള്ളി, ശനി, ഞായർ

വൈകുന്നേരം 6 മണി മുതൽ 8 മണി വരെ

ഞായർ രാവിലെ ആരാധനകളിൽ



മുഖ്യ പ്രാസംഗികൻ : **വെരി റവ. ഡോ. ഷാം പി. തോമസ്**

( ഡയറക്ടർ, എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ, ബാംഗ്ലൂർ )

**കൺവൻഷൻ ഗായകസംഘത്തിന്റെ ഗാനശുശ്രൂഷ 6 മണി മുതൽ**

വെരി.റവ.ഡോ.ഷാം പി. തോമസ്, മലങ്കര മാർത്തോമ്മാ സഭയിലെ മുതിർന്ന വൈദികനാണ്. ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് വിഭാഗം പ്രൊഫസറും ചെയർപേഴ്സണുമായി സേവനമനുഷ്ഠിക്കുന്നു. മാർത്തോമ്മാ സുറിയാനി സഭയുടെ വികാരി ജനറലും പ്രശസ്ത നായ കൺവൻഷൻ പ്രാസംഗികനുമാണ്.

## കൺവൻഷൻ ഗായകസംഘം പരിശീലനത്തിൽ



# New Year Dedication

With a heart full of joy
Admiration and adoration
I bless you Lord Jesus
At the dawn of a new year !

With a heart full of gratitude
I count all the blessings
You have showered always
Abundantly in my life !

With a heart full of love
I thank you for my
Family and friends
Who stand with me always !

With a heart full of hope
I look up to you ,Lord
For wisdom and guidance
From heaven above !

With a heart full of dedication
I submit my life to You
Let the rest of my days
Be spent to serve You alone !

Sosamma Thomas
ID S-082

# ഇന്നത്തെ ഇസ്രായേലും വേദപുസ്തക പ്രവചനങ്ങളും

ഏകദേശം 4000 വർഷങ്ങൾക്ക് മുമ്പ് യഹോവായായ ദൈവം തിരഞ്ഞെടുത്ത അബ്രഹാമിന്റെ പുത്രൻ യാക്കോബിന്റെ 12 മക്കളിൽ 10 മക്കളുടെ 10 ഗോത്രങ്ങളുടെ പിൻതുടർച്ചക്കാരാണ് ഇന്നത്തെ ഇസ്രായേലിലെ യഹൂദരും, യഹൂദ ക്രിസ്ത്യാനികളും. യാക്കോബിന്റെ മറ്റ് രണ്ട് മക്കളുടെ പരമ്പര 2 ഗോത്രങ്ങളായി അവരുടെ പിൻ തുടർച്ചക്കാരാണ് യഹൂദ രാജ്യത്തെ ജനങ്ങൾ ഇസ്രായേലും യഹൂദയും ചേരുമ്പോഴാണല്ലോ വിശുദ്ധനാട്(ഹോളിലാന്റ്) മുഴുവനാകുന്നത്. യഹൂദർ ഏറെയും യഹോവയിൽ വിശ്വസിക്കുന്നു; മോശയിലും, മോശയുടെ ന്യായപ്രമാണത്തിലും വിശ്വസിക്കുന്നു. പക്ഷെ യേശു അവതരിച്ചില്ല എന്ന് 85 ശതമാനം യഹൂദർ വിശ്വസിക്കുന്നു. അതല്ല നമ്മെപ്പോലെ യേശുവിന്റെ രണ്ടാം വരവിനായി ഒരുങ്ങുന്നവരാണ് 15 ശതമാനം യഹൂദർ (ക്രിസ്ത്യനികൾ); ഇവർ എല്ലാമാണ് ദൈവത്തിന്റെ സ്വന്തജനം. ഇവരെ യഹോവ തങ്കത്തോടാണ് ഉപമിച്ചത്. പക്ഷെ അവർ വീണുപോയി, തെറ്റിപ്പോയി യഹോവയുടെ കോപാഗ്നിയിൽ ഇസ്രയേൽ ജനം വീണുപോയി.

ഇസ്രായേൽ ജനതയെപ്പോലെ കഷ്ടപ്പാടുകൾ സഹിച്ചവർ വേറെയാരും ഉണ്ടായിട്ടില്ല. ഇസ്രയേൽ രാജ്യം 25 പ്രാവശ്യം ശത്രുക്കളാൽ പിടിക്കപ്പെട്ടു; ഈ രാജ്യം 19 പ്രാവശ്യം നശിപ്പിക്കപ്പെട്ടു; ഇസ്രയേൽ ജനത സ്വന്തനാട് വിട്ട് അന്യനാടുകളിലേക്ക് പാലായനം ചെയ്തു. റോമാസാമ്രാജ്യത്തിലെ ചക്രവർത്തിമാർ, അലക്സാണ്ടർ ചക്രവർത്തി, ഓട്ടോമൻ തുർക്കികൾ, ഹിറ്റ്ലർ ചക്രവർത്തി ഇവരുടെയൊക്കെ കാലഘട്ടങ്ങളിൽ അനേകായിരം ഇസ്രയേൽ ജനതയാണ് വധിക്കപ്പെട്ടത്. പ്രത്യേകിച്ച് ഹിറ്റ്ലറുടെ കാലത്ത് ലക്ഷക്കണക്കിന് ഇസ്രയേൽ യഹൂദർ ഗില്ലറ്റിൻ ചേമ്പറുകളിൽ വെന്ത് മരിച്ചു. തെസലോനിക്യർ 2-ാം അധ്യായം 15 ഉം 16 ഉം വാക്യങ്ങളിൽ കുടി അപ്പോസ്ഥലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക 'യഹൂദർ കർത്താവായ യേശുവിനേയും, സ്വന്ത പ്രവാചകരേയും കൊന്നവരും ഞങ്ങളെ ഓടിച്ച് കളഞ്ഞവരും, ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകല മനുഷ്യർക്കും വിരോധികളും ജാതികൾ രക്ഷിക്കപ്പെടേണ്ടതിനായി ഞങ്ങൾ അവരോട് പ്രസംഗിക്കുന്നത് വിലക്കുന്നവരും ആകുന്നു. അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു, എന്നാൽ ദൈവകോപം അവരുടെമേൽ മുഴുത്തു വന്നിരിക്കുന്നു'.

1948 മെയ് 14-ാം തിയതി ഇന്നത്തെ ഇസ്രയേൽ സ്വതന്ത്ര രാഷ്ട്രമായി മാറിയത് യുണൈറ്റഡ് നേഷൻസ് സെക്യൂരിറ്റി കൗൺ

സിലിന്റെയും, അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റിന്റെയും, ശ്രമ ഫലവും, നല്ല മനസും കൊണ്ട് മാത്രമാണ്.

എന്നാൽ സ്വതന്ത്ര ഇസ്രയേലിലും സമാധാനമുണ്ടായില്ല; കാരണം മുസ്ലീം അധീനതയിലുള്ള ഈജിപ്റ്റ്, തുർക്കി, സിറിയ, ജോർദാൻ, ഒമാൻ, യെമൻ, ഇറാക്ക് തുടങ്ങി 23 യോളം രാജ്യങ്ങൾ ഇസ്രയേലിനോട് ശത്രുതയിലാണ്. ശത്രുതയ്ക്ക് പ്രധാന കാരണം ഇസ്രയിലിനോട് ചേർന്ന് ഇപ്പോഴും അവകാശ തർക്കങ്ങളിൽപെട്ടു കിടക്കുന്ന പാലസ്തീൻ, ഗാസ വെസ്റ്റ്ലാന്റ് എന്നീ സ്ഥലങ്ങളുടെ പ്രശ്നങ്ങൾ തന്നെ.

ഇങ്ങനെ 1967ൽ ഈജിപ്റ്റ് ജോർദാൻ സിറിയ എന്നീ രാജ്യങ്ങൾ ഇസ്രയേൽ നെ ആക്രമിച്ചു. 6 ദിവസം നീണ്ടു നിന്ന വിശുദ്ധ യുദ്ധത്തിൽ ഇസ്രയേൽ ജയിച്ചു. വെസ്റ്റ് ബാങ്ക്,ഗാസ, ഗോലാൻ ഹൈറ്റ്സ് എന്നീ സ്ഥലങ്ങൾ ഇസ്രയേൽ കൈയ്യടക്കി.

1973-ൽ ഈജിപ്റ്റും സിറിയായും ഇസ്രയേലിനെ ആക്രമിച്ചു. തുടർന്ന് 1980, 2008, 2014, 2021 എന്നീ വർഷങ്ങളിൽ നടന്ന യുദ്ധങ്ങൾക്ക് ശേഷം 2023 ഒക്ടോബർ 7-ാം തിയതി ഗാസാ ഭരിച്ചു കൊണ്ടിരുന്ന ഹമാസ് ഇസ്രയേലിനെ ആക്രമിച്ചു. ആ യുദ്ധം ഇന്നും തുടരുകയാണ്. ഇന്നും ഇസ്രയേൽ തോറ്റിട്ടില്ല. ഒരിക്കലും ഇസ്രയേൽ മുൻകൈയ്യെടുത്ത് യുദ്ധം നടത്തിയിട്ടില്ല എതിർത്ത തെയുള്ളൂ. പക്ഷെ ഒരിക്കലും ഇസ്രയേൽ തോറ്റില്ല എന്നുള്ള താണ് സത്യം.

കേരളത്തേക്കാൾ ചെറിയ വെറും 470 കി.മീ നീളവും, 130 കി.മീ. മാത്രം വീതിയുമുള്ള 95 ലക്ഷം ജനങ്ങളുള്ള ഇസ്രയേൽ എന്ന കൊച്ച് രാജ്യം ലോകത്തിന്റെ അത്ഭുതകേന്ദ്രമായി മാറിക്കഴിഞ്ഞു. ലോകത്തെ അമ്പരിപ്പിക്കുന്ന പോരാട്ടങ്ങളിൽ, സാധന സാമഗ്രികകൾ മിലിറ്ററി ഇന്റലിജൻസ്, അതിശക്തമായ മിലിറ്ററി ഇന്റലിജെൻസ് ലോകത്തിന് മാതൃകയായ കൃഷി രീതികൾ. ഇങ്ങനെ ഇസ്രയേലിന്റെ നീക്കങ്ങൾക്കായി ലോകം കാതോർക്കുന്നു. ചുറ്റുമുള്ള മുസ്ലീം രാജ്യങ്ങൾ ഭീതിയിലാണ്. ഭയത്തിലാണ്. ഈ രാജ്യങ്ങളെ പരോക്ഷമായി സഹായിക്കുന്ന റഷ്യയും ചൈനയും പോലും ഇസ്രയേൽ രാജ്യത്തെ ഭയപ്പെടുന്നു. ഇസ്രയേൽ അമേരിക്കയുടെ ഉറ്റമിത്രമാണ് കാരണം അമേരിക്കയിലെ ഭൂരിഭാഗം ജനങ്ങളും ക്രിസ്തുമത വിശ്വസികളാണ്. അമേരിക്കയുടെയും യുറോപ്പിന്റെയും പിൻബലം എത്രനാൾ ഇസ്രയേൽ അനുഭവിക്കും എന്നുള്ളത് കാണേണ്ട കാര്യമാണ്.

എന്നാൽ വേദ പുസ്തക പ്രവചനങ്ങൾ പറയുന്നത് ഇസ്രയേലിന് ഇനി തോൽവി സാധ്യതയില്ല എന്നാണ്. വേദപുസ്തകത്തിന്റെ 30 ശതമാനം പ്രവചനങ്ങളുടെ പുസ്തകങ്ങളാണ് 15 യോളം വലുതും, ചെറുതുമായ പ്രവചനപുസ്തകങ്ങൾ. പ്രവചനങ്ങളിൽ ഒട്ടുമിക്കതും ശ്രദ്ധകേന്ദ്രങ്ങളായിരിക്കുന്നത് ഇസ്രയേൽ

രാജ്യമാണ്, യരുശലേമാണ്. യഹൂദരാണ്, അതിലൂടെ യേശുക്രിസ്തുവും, 2500 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട പ്രവചനങ്ങൾ സത്യം സത്യമായി സാക്ഷാത്ക്കരി ക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവയിൽ ചിലത്, നൂറ്റാണ്ടുകൾ മറഞ്ഞ് കിടന്നത്, നമ്മുടെ ഈ കാലഘട്ടത്തിൽ വെളിവായി വന്ന് കൊണ്ടിരിക്കുന്നു. ഇവ വിരൽ ചൂണ്ടുന്നത് താഴെപ്പറയുന്ന 4 വസ്തുതകളിലേയ്ക്കാണ്.

1. ലോകത്തിലെ മിക്ക രാജ്യങ്ങളും ഇസ്രയേലിന് ശത്രുക്കൾ ആകും.
2. ചിതറിപ്പോയ യഹൂദാ ജനത്തിന്റെ തിരിച്ചുവരവിന്റെ പൂർത്തീകരണം സംഭവിക്കും.
3. ദൈവ സഭ പൂർണ്ണമാകും.
4. ഇതൊക്കെക്കഴിയുമ്പോൾ പ്രവചനങ്ങളുടെ പൂർത്തീകരണം ആകും, കർത്താവിന്റെ രണ്ടാം വരവും.

പ്രസക്തയായ പ്രവചനങ്ങളുടെ വേദ പുസ്തക ഭാഗങ്ങൾ എവിടെ എന്നുള്ളത് താഴെകൊടുക്കുന്നു.

**പഴയ നിയമം**

എസക്കിയേൽ 17, 22, 25, 35, 39 അധ്യായങ്ങൾ ആമോസ് 11, ഒബദ്വാവ്, വിലാപങ്ങൾ 4.1 മുതൽ സംഖ്യാ പുസ്തകം 20.18

**പുതിയ നിയമം**

പത്രോസ് 3, 17, 21

ലൂക്കോസ് 21, 34, 35 മത്തായി 24.21

യോഹന്നാൻ 7.52,53,8.1

വളരെ പ്രസക്തമായ വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

സെഖര്യാവ് 12.1 മുതൽ 'പ്രവാചകം. ഇസ്രയേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാട് : ആകാശം വിരിക്കുകയും, ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്; ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഭാരമുള്ളകല്ലാക്കി വയ്ക്കും, അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും, ഭൂമിയിലെ സകല ജാതികളും അതിന് വിരോധമായികൂടിവരും 14ാം വാക്യം വരെ തുടർന്നു വായിക്കുക.

2. യോവേൽ 3.1. മുതൽ 'ഞാൻ യഹൂദരുടെയും, യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലു മാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ ഇസ്രയേൽ നിമിത്തവും അവരോട് വ്യവഹരിക്കുകയും ചെയ്യും.' തുടർന്നു വായിക്കുക

3.യിരമ്യാവ് 16.15 മുതൽ ‘ഇസ്രയേൽ മക്കളെ വടക്ക് ദേശത്ത് നിന്നും താൻ അവരെ നീക്കി കളഞ്ഞിരുന്ന സകല ദേശങ്ങളിൽ നിന്നും കൊണ്ടുവന്ന യഹോവയാണ് എന്നു പറയുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തിലേക്ക് ഞാൻ അവരെ വീണ്ടും കൊണ്ടുവരും.‘ തുടർന്നു വായിക്കുക. സെഖരിയാവ് 14.4 : അന്നാളിൽ അവന്റെ കാൽ യരുശലേമിനെതിരെ കിഴക്കുള്ള ഒലിവ് മലയിൽ നിൽക്കും, ഒലിവ് മല കിഴക്ക് പടിഞ്ഞാറായി നടുവെ പിളർന്നു പോകും......... 4.9......യഹോവ സർവഭൂമിയ്ക്കും രാജാവാകും, അന്നാളിൽ യഹോവ ഏകനും, അവന്റെ നാമം ഏകവും ആയിരിക്കും.

*Are we ready to receive Him Are we*

M. J. Kuruvilla
K-045

## Drawing Corner



Evana Abraham
(Sisuvakup II B)
ID A-130



Mary Thomas
A-024

# സ്ത്രീ ശാക്തീകരണം - ദൈവത്തിന്റെ വിമോചന പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം

മനുഷ്യസമൂഹത്തെ, അവരുടെ സകല പാപബന്ധങ്ങളിൽ നിന്നും വിടുവിക്കുവാൻ, സദാസന്നദ്ധനായ ദൈവത്തെയാണ് നാം വിശുദ്ധ വേദപുസ്തകത്തിൽ കാണുന്നത്. ചിലപ്പോൾ ദൈവം നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നവരിലൂടെയും വിമോചനദൗത്യം പൂർത്തീ കരിക്കപ്പെടുന്നു.

പഴയ നിയമത്തിലും, പുതിയനിയമത്തിലും ദൈവവിമോചന പ്രക്രിയയിൽ പറന്നും ഓടിയും ഇഴഞ്ഞും മുന്നേറിയ ചില സ്ത്രീകളുണ്ട്. സ്ത്രീവിമോചനത്തിന്റെ സൂതികർമ്മിണികൾ എന്നറിയപ്പെട്ടിരുന്നവരാണ് ശിഫ്രാ, പൂവാ എന്നീ ഹെബ്രായ വനിതകൾ. ജീവന്റെ നാളം ഒന്നിൽ നിന്നും മറ്റൊന്നിലേയ്ക്ക് പകരുമ്പോൾ അണയാതെ, കരുതലിന്റെ കൈക്കുടന്നയുമായി എത്തിയവർ. അവരുടെ പരിപാലനം, തലമുറകളുടെ തുടർച്ചയ്ക്ക് വഴിയൊരുക്കി. ജനിക്കുന്ന ഓരോ ശിശുവിനെയും രക്ഷിച്ച്, ഫറവോന്റെ ആജ്ഞയെ തിരസ്കരിച്ച്, ദൈവത്തിന്റെ വിമോചനവഴിയിൽ കാവൽമാലാഖമാരായവർ.

ഞെരുക്കങ്ങളുടെ മിസ്രയീമിൽ നിന്നും, കനാന്റെ വിശാലതയിലേക്ക് നയിച്ച വിമോചകനായ മോശയുടെ ജനനത്തിങ്കൽ അവന്റെ അമ്മ യോവേബേതും, സഹോദരി മിരിയാമും, ഫറവോന്റെ പുത്രിയും കാണിച്ച, ധൈര്യവും പരിപാലനവും, ഒരു വലിയ സമൂഹത്തിന്റെ ഉദ്ധാരണത്തിനും വിടുതലിനും കാരണമായി.

സംഖ്യാപുസ്തകത്തിൽ, മാറ്റങ്ങളുടെ വക്താക്കളായി തീർന്ന ചില വനിതകളെ കാണാം. മനശ്ശെ ഗോത്രത്തിൽപ്പെട്ട സ്ത്രീകൾ, തങ്ങൾക്കവകാശപ്പെട്ട, പിതൃസ്വത്തിന് വേണ്ടി വാദിച്ചപ്പോൾ ദൈവം അതനുവദിക്കുകയും അവരുടെ നീതി സദാകാലത്തേക്കും ന്യായ പ്രമാണമായി അംഗീകരിക്കപ്പെടുകയും ചെയ്തതായി നാം വായി ക്കുന്നു.

വിമോചനത്തിന്റെ സഹയാത്രികയായി തീർന്ന നസറത്തുകാരി മറിയ, പ്രതികൂലങ്ങളുടെ തീച്ചൂളയിലാണ്, രക്ഷകന്റെ വരവിനായി, തന്റെ ചെറുപ്രായത്തിൽ സ്വയം സമർപ്പിക്കപ്പെട്ടത്. തീക്കനലിനെ, മടിയിലിട്ട് വജ്രമാക്കിയവൾ. കുരിശിൻ ചുവട്ടിൽ നിന്നും, പിന്നീടിവരെ കാണുന്നത്, നൂറ്റിഇരുപതുപേർ, കൂടി ഇരുന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്ന, മാളികമുറിയിൽ യേശുവിന്റെ ശിഷ്യന്മാർക്കൊപ്പം, പരിശുദ്ധാത്മാഭിഷേകത്തിനും നിയോഗം ലഭിച്ചു.

ദൈവം തന്റെ വിമോചനദൗത്യത്തിലേയ്ക്ക് വാഴിച്ചവരായിരുന്നു ദെബോര, എസ്തേർ, രുത്ത് എന്നീ സ്ത്രീ രത്നങ്ങൾ. ദെബോര ഇസ്രയേലിന് ന്യായപാലനം നടത്തിയതും, എസ്തേർ തന്റെ സ്വന്തജനത്തിന്റെ വിടുതലിനായി, ജീവൻ പണയം വെച്ചു പോരാടിയതും, ദൈവകൃപയുടെ പെരുമഴ ലഭിച്ചതിന്റെ ഉദാഹരണങ്ങളായി ഓർമ്മിക്കപ്പെടുന്നു. മൊവാനു സ്ത്രീയായിരുന്ന രുത്ത്, യിസ്രയേലിന്റെ ദൈവത്തെ പൂർണ്ണമായി അംഗീകരിക്കുക വഴി ഒരു നല്ല കുടുംബം രൂപപ്പെടുത്തുവാനും മുൻനിർണ്ണയ പ്രകാരം യേശുവിന്റെ വംശാവലിയിൽ ഇടം നേടുവാനും സാധ്യമായി.

യേശുവിന്റെ പരസ്യശുശ്രൂഷയിൽ, ശിഷ്യന്മാർക്കൊപ്പം സ്ത്രീകൾക്കും തുല്യസ്ഥാനം ലഭിച്ചിരുന്നു. യെഹൂദാ പാരമ്പര്യത്തിന്റെ അതിർവരമ്പ് കടന്ന്, ജീവ ഉറവയിൽ നിന്ന് കുടിച്ച ശമര്യാ സ്ത്രീക്കായിരുന്നു മശിഹായെ തിരിച്ചറിയുവാൻ ഭാഗ്യം ലഭിച്ചത്. ഗലീലിയയിൽ തുടങ്ങി, ഗോൽഗോത്താ വരെ യേശു എന്ന രക്ഷകനെ അനുധാവനം ചെയ്ത മഗ്ദലനക്കാരത്തി മറിയയും കൂട്ടുകാരും, വിമോചനത്തിന്റെ സഹയാത്രികരായി, ചരിത്രത്തിൽ ഇടം പിടിച്ചു. പത്രോസിനെപ്പോലെ തള്ളിപ്പറയാതെ, യൂദയെപ്പോലെ ചുംബനം കൊണ്ട് ഒറ്റിക്കൊടുക്കാതെ, നിഴൽപോലെ നിർഭയം യേശുവിനെ പിൻതുടർന്നവർ. ഇരുട്ടുള്ളപ്പോൾ കല്ലറയിലേക്കോടിയവർ, കാലം കാത്തുവച്ച മഹാസന്തോഷമായ പുനരുത്ഥാനത്തിന് ആദ്യ സാക്ഷികളായി. ആ മഹൽ സന്തോഷം, ലോകത്തോടറിയിക്കുവാൻ, ദൈവനിയോഗം ലഭിച്ച സ്ത്രീകൾ, വിശേഷാൽ മഗ്ദലനക്കാരി, സുവിശേഷം പ്രസംഗിക്കപ്പെടുന്നിടത്തൊക്കെ അറിയപ്പെടുന്നു. മുന്നോട്ടുള്ള പ്രയത്നത്തിൽ, ഈ സ്ത്രീ രത്നങ്ങളെ, പരിശുദ്ധാത്മാവ് വീശിയടിച്ച മാളികമുറിയിൽ, വിമോചനത്തിന്റെ സഹയാത്രികരാക്കി. സ്ത്രീകൾ, വിമോചനത്തിന്റെ കൂട്ടവകാശികളുമാണെന്ന് റോമാ ലേഖനം സമർത്ഥിക്കുന്നു. ആദിമ സഭയിൽ, സ്ത്രീകൾക്ക് വേണ്ടത്ര സ്വാതന്ത്ര്യം ലഭിക്കാതിരുന്നിട്ടും അപ്പോസ്തലന്മാർക്കുവേണ്ടി പ്രവർത്തിക്കുകയും കഴുത്ത് വെച്ചുകൊടുക്കുകയും ചെയ്ത സ്ത്രീകളെ പൗലോസ് ശ്ലീഹാ വെളിപ്പെടുത്തിയിട്ടുണ്ട്. സഭാശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ഫേസ, പ്രിസ്തീല ഇവരൊക്കെ സഹനത്തിന്റെ കൂട്ടവകാശികൾ അത്രെ.

ആത്മീയ ഉണർവ്വ് ലഭിച്ച സ്ത്രീ മിഷനറിമാരുടെ സേവനം സഭയ്ക്കും ദേശത്തിനും അനുഗ്രഹമായിരുന്നു. സിസ്റ്റർ ഈഡിത്ത് നീവ് സ്ത്രീകളുടെ സർവ്വോന്മുഖമായ ഉന്നമനത്തിന് തുടക്കം കുറിച്ചു. വെല്ലൂരിനെ ലോകപ്രശസ്തമാക്കിയ ഐഡാസ്കഡറിനെ ഭാരതം മറക്കില്ല. കരുണയുടെ ആൾ രൂപമായിരുന്ന മദർതെരേസയെ അനുകരിക്കുവാൻ ശ്രമിക്കുകയാണ് വിധവയായ ഗ്ലാഡിസ് സ്റ്റെയിൻ അമ്മ, സഹോദരി, ഭാര്യ, മിഷനറി എന്നീ നിലകളിൽ

ദൈവത്തിന്റെ വിമോചന പ്രക്രിയകളിൽ നമ്മുടെ ഉത്തരവാദിത്വവും ഏറെയാണ്.

മുദ്രമോതിരത്തന്റെ വില തിരിച്ചറിയുന്നത് അത് യോഗ്യതയോടെ ധരിക്കുമ്പോഴാണ്. അധികഫലം പുറപ്പെടുവിക്കപ്പെടുന്നുവെങ്കിൽ ഒരു ചെത്തിവെടിപ്പാക്കൽ ക്രിയയ്ക്കു വിട്ടുകൊടുക്കണം. കർത്താവിന് പ്രഥമസ്ഥാനം നൽകുമ്പോൾ അത്ഭുതങ്ങളുടെ പരമ്പര കാണുവാൻ കഴിയും. ചുരൽച്ചെടിത്തണലിലെ വിശ്രമം മതിയാക്കാം. അബലയെ കർത്താവ് മാനിക്കുമ്പോൾ അവൾ മാനപാത്രമാകുന്നു. നമ്മുടെ എല്ലാ കൂടി വരവുകളിലും കർത്താവിനെ വെളിപ്പെടുത്തണം. സ്ത്രീജനസഖ്യം വചനത്തിന് എക്കാലവും പ്രാധാന്യം നൽകുന്നു. വചനം കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആകുമ്പോൾ ഇരുട്ടു വഴിമാറി നാം അത്ഭുതപ്രകാശത്തിലേയ്ക്കു കടക്കും. ഈ പ്രകാശത്തിലേക്ക് തലമുറകളെ നയിക്കുവാൻ നിയോഗമുള്ളത് നമുക്കാണ്. ലോകമെമ്പാടുമുള്ള ക്രൈസ്റ്റ് ചർച്ചിന്റെ സന്താനങ്ങൾ അവർക്കു ലഭിച്ച സൺഡെ സ്കൂൾ പഠനത്തിന്റെയും, മാതാപിതാക്കളുടെ പ്രാർത്ഥനയോടൊപ്പം കൊടുത്ത ജീവവചനങ്ങളുടെയും പിൻബലത്തിലാണ് ശോഭിക്കുന്നത്. നല്ല അംശം തിരഞ്ഞെടുത്ത നാഥാന്യയിലെ മറിയ നമുക്ക് മാതൃകയാവട്ടെ. ദൈവത്തിന്റെ വിമോചന പ്രക്രിയയിൽ പങ്കാളികളായി തീർന്ന് ദൈവനാമം മഹത്വപ്പെടുവാൻ സഭയിലെ സ്ത്രീ ജനങ്ങൾക്കിടയാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഏലിയാമ്മ ജോസഫ്**
J-075

## MARRIAGES

1. **AARON ABRAHAM PHILIP**, S/o Mrs. & Mr. Philip C. Abraham, (ID: P-014/ Page 403) Kaniyamkulam, Peroorkada P.O. Trivandrum-695005 and SARA JOHNSON D/o Johnson Thomas, Naduvileparambil, Mavelikara, in our church on 7th December 2024.

2. **TITU MANI THOMAS**, S/o Mrs. & Dr. Thomas Varghese (ID: T-033/ Page No 200), Panickaredathu, Kannammoola, Trivandrum-695011 and AADRA SARAH ABRAHAM D/o Sephi Thomas, Manokumpuzha, in our church on 9th December 2024.

*In Ever Loving Memory of*



**P G Jacob**
Died on : 07-08-1994



**Saly Jacob**
Died on : 21-12-2003

**Thandath - Sharon**
**Vattiyoorkavu P. O, Trivandrum**

*Both Called to Eternity at the age of 78*

**Remembered By**
Ajy George Jacob and Family, ID A-056

# Action Plan Calendar-2025

| Month/Date | Event |
|---|---|
| **JANUARY** | |
| 01.01.2025 | New Year –Covenant Service- (English) |
| 10.01-12.01.25 | Annual Church Convention |
| 12.01.2025 | New Sunday School Year begins- Pravesanolsavam |
| 19.01.2025 | Ecumenical Sunday |
| 26.01.2025 | Republic Day |
| **FEBRUARY** | |
| 09.02.2025 | Healing Ministry Sunday |
| do | Sunday School Annual day |
| 16.02.2025 | Mission Sunday |
| **MARCH** | |
| 02.03.2025 | Women's Fellowship Sunday |
| 05.03.2025 | Ash Wednesday |
| 31.03.2025 | VBS Starts |
| **APRIL** | |
| 01.04-10.04.25 | VBS |
| 06.04.2025 | Passion Sunday |
| 13.04.2025 | Palm Sunday |
| 17.04.2025 | Maundy Thursday |
| 18.04.2025 | Good Friday |
| 19.04.2025 | Holy Saturday |
| 20.04.2025 | Easter Sunday |
| **MAY** | |
| 01.05.2025 | Word l Labour Day |
| 11.05.2025 | Communication Sunday |
| **JUNE** | |
| 01.06.2025 | Student's Sunday |
| 08.06.2025 | Pentecost Sunday |
| 15.06.2025 | Trinity Sunday |
| 22.06.2025 | Environment Sunday |

| | |
|---|---|
| **JULY** | |
| 06.07.2025 | Stewardship Sunday |
| 13.07.2025 | Theological Education Sunday |
| 20.07.2025 | Sunday School Half yearly Examination |
| **AUGUST** | |
| 03.08.2025 | Laity Sunday |
| 15.08.2025 | Independence Day |
| 17.08.2025 | Balajanapperunnal |
| **SEPTEMBER** | |
| 07.09.2025 | Choir Sunday |
| 14.09.2025 | Education Sunday |
| 27.09.2025 | CSI Formation Day |
| 28.09.2025 | Senior Citizen's Sunday |
| **OCTOBER** | |
| 05.10.2025 | Youth Sunday |
| 12.10.2025 | Sunday for the Mentally & Physically Challenged and Palliative Patients |
| 26.10.2025 | Reformation Sunday |
| **NOVEMBER** | |
| 01.11.2025 | All Saints Day |
| 02.11.2025 | Sunday School Sunday |
| 09.11.2025 | Unity Sunday |
| 16.11.2025 | Girl Child Sunday |
| 23.11.2025 | Sunday School Examination |
| 29.11.2025 | CNI Formation Day |
| 30.11.2025 | Advent Sunday |
| **DECEMBER** | |
| **21.12.2025** | Christmas Parish Get-together |
| 24.12.2025 | Christmas Carols |
| 25.12.2025 | Christmas |
| 28.12.2025 | Family Sunday |
| 31.12.2025 | Year End- Covenant Service (Malayalam) |

Womens Fellowship Bible class on every 3rd Saturday Firsts Friday Holy Communion Service will be held under the leadership of "Golden Age Fellowship" Specific Sundays related to organisations are subject to change. Certain events are fixed based on 2024 dates, so may change for the current year.

# നമ്മുടെ സൺഡേ സ്കൂൾ ഒരു തിരിഞ്ഞു നോട്ടം

**"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ തന്റെ വചനപ്രകാരം അത് സൂക്ഷിക്കുന്നതിനാൽ തന്നെ"**

സി. എസ്. ഐ. മാർത്തോമാ സഭകൾ ഒന്നിച്ച് തിരുവനന്തപുരം കുന്നുകുഴിയിൽ ആരംഭിച്ച സൺഡേ സ്കൂൾ കുറേ വർഷങ്ങൾക്കു ശേഷം വേർതിരിഞ്ഞ് സി.എസ്.ഐ. വിഭാഗത്തിന്റെ മാത്രമായി തിരുവനന്തപുരം പാളയം സി.എസ്.ഐ ചർച്ചിൽ തുടർന്നു. യശ്ശശരീരനായ ബഹുമാനപ്പെട്ട കെ.കെ. ജോർജ്ജ് സാർ എം.ജെ. തോമസ് സാർ എന്നിവർ ആയിരുന്നു ആദ്യകാല സൺഡേ സ്കൂളിന് നേതൃത്വം കൊടുത്തിരുന്നത്. ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ എഡ്യൂക്കേഷൻ ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യ (CEEFI) എന്ന സംഘടനയുടെ പാഠ്യപദ്ധതിക്കനുസരണമായി അഞ്ച് വകുപ്പുകളിലായിട്ടായിരുന്നു സൺഡേ സ്കൂൾ പഠനം. ശിശു വകുപ്പ് (Beginner), ബാല വകുപ്പ് (Primary), കുമാരവകുപ്പ് (Junior), മധ്യ വകുപ്പ് (Intermediate), ജ്യേഷ്ഠ വകുപ്പ് (Senior) എന്നീ വകുപ്പുകളിലായി മൂന്ന് വർഷം വീതം കുട്ടികൾ പഠിച്ചിരുന്നു. മലയാളത്തിലായിരുന്നു സൺഡേ സ്കൂൾ അദ്ധ്യയനം പിന്നീട് ഇംഗ്ലീഷ് ഭാഷയിൽ ക്ലാസുകൾ എടുത്തു വന്നിരുന്നു. ഇപ്പോൾ കൂടുതൽ കുട്ടികളും ഇംഗ്ലീഷ് ബൈബിൾ പ്രകാരമാണ് ക്ലാസുകൾ പഠിക്കുന്നത്. തുടക്കത്തിൽ ഉച്ചക്ക് ശേഷം സൺഡേ സ്കൂൾ ഉണ്ടായിരുന്നെങ്കിലും കുട്ടികളുടേയും അധ്യാപകരുടേയും, ആരാധനയുടെയും സൗകര്യം പ്രമാണിച്ച് രാവിലെ മാത്രമായി നടത്തപ്പെട്ടു വരുന്നു. പാട്ട് പരിശീലനവും വേദ പഠനവും കൂടി ഒന്നര മണിക്കൂർ ആയിരുന്നു സൺഡേ സ്കൂൾ സമയം. ഇപ്പോൾ രാവിലെ 8 മുതൽ 9.30 വരെയുള്ള സമയത്ത് പള്ളിയിലെ ഇംഗ്ലീഷ്, മലയാളം ആരാധനകൾക്കിടയിലാണ് സൺഡേ സ്കൂൾ നടത്തുന്നത്.

സി.എസ്.ഐ. മധ്യകേരള ഡയോസിസ് കേന്ദ്രമാക്കി നമ്മൾ പഠിപ്പിക്കുന്നു. കോട്ടയം കേന്ദ്രമാക്കി 12 ഉപ ജില്ല കളായി സൺഡേ സ്കൂൾ പ്രസ്ഥാനം വളർന്നു വന്നു. ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ (Christian Education Department) കീഴിൽ 7 വകുപ്പുകളിലായി 2 വർഷം വീതം ഇപ്പോൾ കുട്ടികൾ പഠിക്കുന്നു. നേഴ്സറി (Nursery), ശിശുവകുപ്പ് (Beginner), ബാലവകുപ്പ് (Primary),

കുമാരവകുപ്പ്' (Junior), മധ്യവകുപ്പ് (Intermediate), ജ്യേഷ്ഠ വകുപ്പ് (Senior), യുവവകുപ്പ് (Youth) എന്നിവയാണ് 7 വകുപ്പുകൾ. കൂടാതെ യുവ വകുപ്പിന് ശേഷം മുതിർന്ന കുട്ടികൾക്കു വേണ്ടി ശ്രേഷ്ഠ വകുപ്പ്' എന്നൊരു വകുപ്പ് കൂടിയുണ്ടെങ്കിലും കുട്ടികളുടെ അഭാവം മൂലം ഈ ക്ലാസ്സുകൾ നടക്കുന്നില്ല.

നമ്മുടെ സൺഡേ സ്കൂളിൽ ഏകദേശം 200 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരാശരി 140-150 കുട്ടികൾ എല്ലാ ആഴ്ചകളിലും സൺഡേ സ്കൂളിൽ വരുന്നുണ്ട്. ഏകദേശം 35 അധ്യാപകർ ക്ലാസ്സ് എടുക്കുന്നതിനും മറ്റ് ശുശ്രൂഷകൾക്കുമായി പങ്കെടുക്കുന്നു. ജില്ലാതല പരീക്ഷകൾക്കു പുറമേ ഡയോസിസൻ ലെവൽ പരീക്ഷ കളും നടക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ അതിൽ പങ്കെടുക്കു കയും പ്രശസ്തമായ വിജയം നേടുകയും ചെയ്യുന്നുണ്ട്. മാതാ പിതാക്കൾ പലരും വളരെ ശ്രദ്ധയോടുകൂടി റെഗുലറായി കുട്ടികളെ സൺഡേ സ്കൂളിൽ അയക്കുന്നുണ്ട്. എന്നിരുന്നാലും നമ്മേ പോലെ ഇത്രയും വലിയ ഒരു സഭയിൽ പല കുട്ടികളും സൺഡേ സ്കൂളിൽ വരുന്നില്ല. നമ്മുടെ വികാരിമാരും ചർച്ച് കമ്മിറ്റിയും സൺഡേ സ്കൂളിനുവേണ്ട സഹകരണങ്ങൾ നൽകുന്നുണ്ട്.

ദീർഘകാലം (60 വർഷത്തിനു മുകളിൽ) സൺഡേ സ്കൂളിൽ പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തിരുന്ന ബഹുമാനപ്പെട്ട എം. ജെ, തോമസ് സാർ കുട്ടികളുടെയും അധ്യാപ കരുടെയും അഭ്യുദയകാംഷിയും മാർഗ്ഗദർശിയും ആയിരുന്നു. എം. ജെ. തോമസ് സാറിനൊപ്പം ചെയിസ് ജോൺ കോശി, കെ. ഒ. വർഗ്ഗീസ്, വിനോദ് തോമസ് എന്നിവരും നേതൃത്വം കൊടുത്തി രുന്നു. വിനോദ് തോമസ്, ജേകബ് തോമസ് എന്നിവർ ഇപ്പോൾ സൺഡേ സ്കൂളിനെ നയിക്കുന്നു. സൺഡേ സ്കൂൾ അദ്ധ്യാപകരായിരുന്ന ശ്രീ. ഇ.ജി. സ്റ്റീഫൻ, ശ്രീ വി.വി. തോമസ് കുട്ടി, സൂസൻ ഈപ്പൻ, അനു എ. ചെറിയാൻ എന്നീ അധ്യാപകർ എം.ജെ. തോമസ് സാറിനെ പ്പോലെ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. അവർ ചെയ്ത സേവന ങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. പല സീനിയർ ജൂനിയർ അധ്യാ പകരും സൺഡേ സ്കൂൾ അദ്ധ്യാപനത്തിൽ നിന്നും വിരമിച്ച് സഭ യിൽ തുടരുന്നു.

ബഹുമാനപ്പെട്ട എം. ജെ. തോമസ് സാറിന്റെ പ്രേരണയാൽ 1994 മുതൽ ഞാൻ 31 വർഷക്കാലം തുടർച്ചയായി അധ്യാപകനായി തുടരുന്നു. തുടക്കത്തിൽ എന്റെ മക്കൾ രണ്ടുപേരെയും സൺഡേ സ്കൂൾ പഠിപ്പിക്കുന്നതിനായി കൊണ്ടുവന്നിരുന്ന ഞാൻ, പഠിപ്പി ക്കുവാൻ കൂടി തീരുമാനിക്കുകയായിരുന്നു.

ഡയോസിസൻ ലെവലിൽ ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ

കിഴിലാണ് നാം പ്രവർത്തി ക്കുന്നത്. റവ. അലക്സ് എബ്രഹാം അച്ചൻ ആണ് ഇപ്പോൾ അതിന്റെ ഡയറക്ടർ. വെക്കേഷൻ ബൈബിൾ സ്കൂകൂൾ (VBS) ഏപ്രിൽ മാസങ്ങളിൽ എല്ലാ വർഷവും നടത്തി വരുന്നു. സൺഡേ സ്കൂൾ അദ്ധ്യാപകരോടൊപ്പം സഭയിലെ മറ്റ് ചില അംഗങ്ങളും ക്ലാസ്സുകൾ എടുക്കാൻ സഹായിക്കുന്നുണ്ട്. ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ പുസ്തകങ്ങളാണ് ഇപ്പോൾ പഠിപ്പിക്കുന്നത്. അധ്യാപക സഹായിയും വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പുസ്തകങ്ങളും (ഗൈഡ്) ലഭ്യമാണ്.


മദ്രസകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നുണ്ട്. നമ്മുടെ സൺഡേ സ്കൂൾ പഠിപ്പിക്കുന്നവരുടെ നിസ്വാർത്ഥ സേവനങ്ങളെ നാം മാനിക്കേണ്ടതല്ലേ? ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് യുവ വകുപ്പിലും ശ്രേഷ്ഠ വകുപ്പിലും കുട്ടികൾ വളരെ കുറവാണ്. നമുക്ക് അധ്യാപകർ ഉണ്ടെങ്കിലും റെഗുലർ ആയിട്ടും ഡെഡിക്കേറ്റഡ് ആയിട്ടും പഠിപ്പിക്കുവാൻ കൂടുതൽ അദ്ധ്യാപകർ ഇനിയും മുമ്പോട്ട് വരേണ്ടിയിരിക്കുന്നു. സഭയുടെ ഇതര കാര്യങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അറിവുള്ളവർ വരേണ്ടിയിരിക്കുന്നു. സഭാനേതൃത്വത്തെപ്പറ്റിയും ഇതര സഭാ വിഭാഗങ്ങളെപ്പറ്റിയും നാം അറിഞ്ഞിരിക്കേണ്ടതാണ്. കഴിഞ്ഞ ആഴ്ചയിൽ Most Rev. Bishop Justin Welby രാജിവെച്ചതിനെപ്പറ്റി എന്റെ ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ചോദിച്ചിരുന്നു.

കലാമത്സരങ്ങൾ നടത്തുന്നത് നല്ലതാണ്. എങ്കിലും അതിലെ അനാവശ്യമായ മത്സര ബുദ്ധി ഒഴിവാക്കുന്നതല്ലേ നല്ലത്. അതോടൊപ്പം പാഠ്യവിഷയങ്ങൾക്കുള്ള പരീക്ഷകൾ കുറച്ചു കൂടെ ലഘുകരിക്കുന്നത് നല്ലതായിരിക്കും. നമ്മുടെ മത്സരബോധം വളർത്തുകയല്ല അടിസ്ഥാനപരമായി ബൈബിൾ പഠിക്കുകയാണ് വേണ്ടത്.

മത്സരബുദ്ധയോടെയാണ് നടത്തപ്പെടുത്തുന്നത്. പരീക്ഷകൾ വളരെയധികം..... Negative marking, Medical/Engineering Entrance Examination ഓർമിപ്പിക്കുന്നു. ഇത്തരം വലിയ മത്സരം, കോമ്പറ്റീഷൻ വേണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. unnecessary competitions, comparisons and criticisms ഇല്ലാതാക്കുകയല്ലേ വേണ്ടത്. ദൈവിക മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ജീവിതനിലവാരം കെട്ടിപ്പെടുക്കുവാനാണ് നാം കുട്ടികളെ അഭ്യസിപ്പിക്കേണ്ടത്. സഭയുടെഅഭിവാജ്യ ഘടകമായ സൺഡേ സ്കൂൾ പ്രസ്ഥാനം പൂർവ്വാധികം ശക്തി പ്രാപിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഡോ. എൻ.ഒ. വർഗ്ഗീസ്**

# *In Loving Memory of*





**K M Abraham (Reuben)**
5th Death Anniversary
14-01-2025

**Rajamma Abraham**
3rd Death Anniversary
26-12-2024

Wazhiyambalathil
No:50, Vrindavan Gardens, Pattom
ID A-034/ Page 292

*Called to Eternity at the age of 82*

ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന്
എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല
(യോഹന്നാൻ 11:25,26)

**Fondly Remembered by**

Regi, Roshini &
Sorrowing Family Members

7th Death Anniversary

19-01-2025

*In Loving Memory of*



# K C Thomas

**(Former Church Staff)**

Kappivilagam, Plamoodu, Trivandrum

ID T-039, Page 315

**Remembered by**

Christ Church Family




# ക്രിസ്തു സേവാ ചാരിറ്റബിൾ സൊസൈറ്റി

'ക്രൈസ്റ്റ് ചർച്ച് ഓൾഡ് ഏജ് ഹോം' എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി 1991 നവംബർ 19-ാം തീയതി രജിസ്റ്റർ ചെയ്യപ്പെട്ടു. സഭയുടെ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മുതിർന്ന വ്യക്തികൾക്ക് താമസിക്കുവാനും മറ്റുമായി ഒരു ഭവനം നിർമ്മിക്കുവാൻ തീരുമാനിച്ചു. ഇതിനു മുന്നോടിയായി പ്ലാമൂട്ടിൽ ഒരുവീട് വാടകയ്ക്ക് എടുക്കുകയും അഞ്ച് പേർ അന്തേവാസികളായി ഓൾഡ് ഏജ് ഹോമിന്റെ ആരംഭം കുറിക്കുകയും ചെയ്തു.

1992-ൽ വെരി. റവ. ടി. എം. ജോൺ അച്ചൻ ഇടവക വികാരിയായിരുന്ന കാലഘട്ടത്തിൽ ഇപ്പോഴുള്ള കെട്ടിടത്തിന് റൈറ്റ് റവ. എം. സി. മാണി തിരുമേനി ശിലാസ്ഥാപനം നിർവ്വഹിക്കുകയും 1995 ഫെബ്രുവരി 12 ന് റൈറ്റ് റവ. സാം മാത്യു തിരുമേനി കൂദാശ നിർവ്വഹിക്കുകയും ചെയ്തു. പിന്നീട് ഇതിന്റെ പ്രവർത്തന മേഖല കുറെക്കൂടി വിപുലീകരിക്കുന്നതിനായി 'ക്രിസ്തുസേവ ചാരിറ്റബിൾ സൊസൈറ്റി' 2014-ൽ ആരംഭിച്ചു. ഇപ്പോൾ ഒരു ദശകം പൂർത്തിയായി. റവ. സുമോദ് സി. ചെറിയാൻ അച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ മോഡറേറ്റർ റൈറ്റ്. റവ. തോമസ് കെ. ഉമ്മൻ തിരുമേനി 2014 മേയ് 10-ാം തീയതി ക്രിസ്തു സേവാചാരിറ്റബിൾ സൊസൈറ്റിയുടെ ഉദ്ഘാടനം ഓൾഡ് ഏജ് ഹോമിൽ വച്ച് നടത്തി. നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തോടുള്ള നമ്മുടെ പ്രതിബന്ധത നിറവേറ്റുവാൻ ഉള്ള ഒരു ചാലകമായി പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

